Born in 1915. After graduating in Chemistory with first class and presidency rank from the Madras University, took the Associate Membership Diploma in Chemical Engineering from the Technological Institute of Great Britain. Elected graduate member of the Indian Institute of Chemical Engineers. Elected Fellow of the Essential Oil Associatien of India. Worked as lecturer in Chemical Engineering and Head of the Department of Chemical Engineering in Polytechnics under the Government of Kerala and then as the General Manager, Kerala Soap Institute and Development Officer, Kerala Soaps and Oil Limited. After retiring from Government service, at present working as Works Manager, Arya Vaidya Sala, Kottakkal, and is resposible for the modernisation of production processes and is in charge of the Research & Development.

**Outline :**

1) Present state of the industry
2) Problems which the industry encounter:
   a) raw materials
   b) cost of power-fuel and labour
   c) taxation policy of the Government
3) Modernisation of production processes and methods of control. Standardisation of products. Improving the working conditions.
4) Conclusion

Ayurveda, after having been under oblivion for hundreds of years, is now on the threshold of a renaissance. There is an all round shift in world opinion in favour of Ayurveda in preference to the Western System of Medicines. Even the westerners are now convinced that for the complete cure of certain illnesses, Ayurveda is the only safe mode of treatment. Therefore, this is the most opportune period for Ayurvedic pharmaceuticals to take stock of the state of their industry and critically examine their production procedures with a view to see whether there is any scope for improvement in the production processes, methods of control and product presentation so as to bring them on modern lines like other industries.

Here, one has to admit that Ayurvedic pharmaceuticals have been very conservative in accepting modern techniques in their manufacturing procedures. One reason for this is the firm belief among older people in the field

that Ayurveda is of divine origin and so was perfect from the very beginning requiring no later correction. Another is the peculiarity of the principles on which Ayurveda is based. It is not that these principles were absolutely useless. They did serve the purpose when science had not advanced to the extent it has now. Science has not refuted the Panchabhutha theory. It has only improved upon it. Dalton's atomic theory was good enough when it was propounded. But the improvements made upon it by later scientists became so vast that now Dalton's theory looks very elementary. Similar improvements can be made in the precepts of Ayurveda also in the light of modern scientific advance in order to make Ayurveda also a modern-mode healing art.

Till very recently, Ayurvedic medicine manufacture had no semblance of an organised industry. Its production procedures were only magnifications of domestic production of these medicines with equipments of more or less similar type but of bigger size. No large scale manufacture can survive long unless it is based on sound principles of engineering and technology. The empirical rules and methods of control employed so far in their manufacture should give place to those based on scientific principles.

At present, Ayurvedic pharmaceutical industry is labouring under several staggering problems. Its pharmacology and pharmacognosy are far from being complete and faultless. There is no universal agreement with regard to the identity of certain herbal raw materials all over the country. "Brahmi" is a very valuable nervine tonic herb that finds use in several Ayurvedic formulations. But the plant used as "Bhrami" in Northern India is the one whose botanical name is Centella asiatica, whereas in S. India, the herb known botanically as Herpestris monniera is used as "Brahmi". Like this, there are several examples. This state of affairs should cease. Scientists and physicians all over the country should come to an agreement over a common pharmacognosy.

Secondly, the raw materials of vegetable origin and animal origin which were available in plenty in olden days are fast becoming scarce commodities due to rapid deforestation and bringing more and more land under cultivation. Unless the Government encourages the cultivation of medicinal herbs in forests and subsidises cultivation of medicinal plants, there will come a time when these raw materials will not be available to the industry at all. Also medicinal plants should form a substantial portion of even domestic gardens. Animal raw materials like musk and civet are fast disappearing. The possibility of using synthetic musk and civet in place of natural one should be fully investigated and subjected to clinical test.

With the increasing modernisation of the industry, it consumes a large amount of fuel and power. Considering the fact that Ayurvedic pharmaceutical industry is a developing one and a very essential one too, Government should be generous enough to supply fuel and power to this industry at concessional rates to avoid strangulation of the industry by fuel and power costs.

The Government policy of levying excise duty on Arishtas and Asavas in

States where prohibition is in force has made these medicines in those States above the purse of the ordinary man. This excise duty on Arishtas & Asavas should be withdrawn immediately and Government should permit Ayurvedic pharmaceuticals to use absolute alcohol as a preservative for Ayurvedic medicines without charging excise duty, since alcohol is the most effective and the least harmful preservative for Ayurvedic medicines.

The wage rates in Ayurvedic pharmaceuticals are increasing every year and becoming more and more unbearable to the industry. For this, the employees on their part should realise that they are killing the goose laying golden eggs, and stop this suicidal policy of demanding more and more and be conscious of their national responsibility also and not of their rights alone. The employers on their part should employ labour saving devices wherever possible and employ manual labour only where unavoidable. Linking wages with productivity wherever possible, and production incentives also can be thought of.

The production processes and methods of control should be modernised to the extent possible. Material movement should as far as possible be by different conveying devices. Production equipments should be so selected that they consume the minimum amount of energy. Raw materials should be so processed that only the minimum amount is used for a given output. Also attempts should be made to utilize the waste products in a useful way. This will materially reduce the cost of production. Control of processes should be effected by modern scientific instruments rather than by visual judging. The processing time should be reduced to the extent possible. All production processes should be critically examined in the light of modern scientific knowledge and all meaningless steps avoided.

The traditional method of making Kashayas (Kwathas) is to boil the chopped and crushed drugs with 16 times its weight of water and reduce the volume to one-fourth. This is highly time consuming (16–21 hours) and wasteful of labour and fuel. If the drugs are reduced in size to 1/8″ – 1/4″ granules and if the boiling is done in a closed drug boiler fitted with a reflux condenser, we can conduct the operation using only one fourth the quantity of water, (final volume of Kashaya) the vaporised water being condensed and returned to the Drug Boiler, and the boiling can be finished in 6 hours as against the 16–21 hours required in the traditional process.

The concentration of the dilute Kashaya of 4% T.D.S (Total Dissolved Solids) to produce "Kurukku Kashaya" (concentrated Kashaya of about 22% T.D.S.) can be more economically done and in large quantities by using a forced circulation evaporator operating under vacuum. The product will be better in colour and of less charred taste.

It is preferable to process all Kashayas as a fully dehydrated powder form by spray drying the concentrated Kashaya of about 22–25% T.D.S. In the solid dehydrated form, its shelf-life is indefinitely long and since water, the medium essential for putrefactive spoilage is eliminated, no preservative need be added to the Kashaya.

If we examine the Sandhana Kalpana for Arishtas & Asavas, the traditional method is very inefficient and time consuming especially when used for large scale production amouting to several Kilo liters. The traditional method takes 1½–3 months and even then its alcohol content is very low not more than 5–6%. The main defect of the traditional process is that it involves the addition of all the sugary material required by the formula in the beginning itself to the liquid for fermentation. This necessitates starting the Sandhana with a high sugar content of the medium. With such high sugar concentration of the medium, the activity of the fermenting bacteria is very much inhibited and the Sandhana Kriya is prolonged over months and sometimes proceeds even after bottling, resulting in leakage and blowing off of caps. The addition of Prakshep Drug Powder in the beginning, which often contains volatile oil bearing ingredients like, Cumin, also has an inhibiting action on fermentation. The remedy is to start with a low concentration of sugary material, say 12–13%, adding the fermenting aids and when the desired alcohol content (about 12%) is built up (This will take place in 4–5 days), the balance quantity of sugary material required by the formula may be added along with the Prakshep Powder and Sodium Benzoate preservative. When the absorption of the active ingredients of the Prakshep Powder by the self-generated alcohol is complete and the Prakshep Powder has settled (which will normally take place in 7–8 days), the Arishtas or Asavas is ready for filtration and bottling. The total time cycle will be 16–20 days as against the 1½–3 months required by the traditional process and the product, because of its higher alcohol content, will contain more of the extrables from the Prakshep Powder and because of higher alcohol content its shelf-life will be much longer.

In the Bhasma Kalpana, the cow-dung and fire wood putas can be replaced by Electric Furnaces provided with thermostatic control. The idea in specifying the fuel and its quantity in the traditional process may be to provide the optimum temperature-time schedule. That can be easily duplicated in the electric furnace and the operation is much more clean.

In processing medicated oil and Grithas (Sneha Paka Kalpana), the traditional fire heated bell metal vessels and its later modification of steam heated open shallow pans can be replaced by horizontal S. S. cylindrical vessels, the bottom half of which is steam jacketted and the upper half openable, and provided with a helical scrapping type stirrer, with inlets for charging and outlets for vapour and product. Such vessels will permit producing of much larger batches at a time.

The hand rolling of Ayurvedic Pills should be replaced by tableting and strip packing. This will permit large scale production, enhance the shelf-life of products and increase their consumer appeal.

In Ayurveda, standardisation of products is most difficult. The composition of vegetable raw materials may vary from region to region, from season to season mode of storage and the age after collection. Reproducibility of the quality of products is a sine-qua-non in

a modern manufacturing process. So, some attempts have to be made for standardisation. To begin with the "Pharmacopoeial Standards for Ayurvedic formulations" published by the Central Council for Research in Indian Medicines and Homeopathy, New Delhi, may be followed. For items not covered in these standards, the manufacturer can himself arrive at standards by experimentation. These standards can later be improved in the light of experience. The possibility of the aqueous extracts of the drugs being dehydrated to a solid powder can be explored. The use of the extracts would bring about greater uniformity of quality in products. Also their use permits stocking of seasonal drugs and making them available throughout the year.

Finally the working conditions in the manufacturing place should be clean and aseptic. Hand gloves, face masks, head gears, clean uniforms, etc. should be supplied to employees. Contact with human body should be avoided to the extent possible.

If what is said above is scrupulously followed, there is ample scope for development of Ayurvedic pharmaceutical industry. Therefore let us stop spending our energy in non-productive politics and canalise it for the good of the country. That will be a blessing to Ayurvedic pharmaceutical industry and all other industries and India also will be on the path of progress like Japan and other progressive countries. ●

## AYURVEDIC CURE FOR MALARIA
### (Free Press Journal)

NEW DELHI May 24

The State and Union Territory Government have been directed to popularise the use of anti-malarial drug Ayush-64, patented by the Central Council for Research in Ayurveda and Siddha.

In a communication sent to all State health secretaries recently, the Health Ministry said Ayush-64 was tried in a large number of cases and 90.5 percent of the patients were cured and six percent partially responded.

Any Ayush-64 tablet of 500mg costs between 30 to 55 paise. Fifteen are required per spell of illness, which costs Rs. 4.50 to Rs 7.50. Allopathic treatment with chloroquine costs about Rs. 3.50 per spell of treatment. But unlike chloroquine, Ayush-64 does not produce any side-effects.

The drug was brought out by the council keeping in view the recurrence of malaria and resistance of the malarial parasite (plasmodium vivex) to some known allopathic medicines as well as their inadequate supply.

The council has carried out experimental as well as clinical studies at its various institutes, centres and units during the past eight years.

Acute and sub-acute toxicity studies on rats and mice confirmed that the drug is without any side-effects. The council also carried out double blind clinical studies on Ayush-64 for its anti-malarial effects.

Both men and women patients were tried.

# 'RAGADI ROGAN' & ASHTAMGA HRIDAYA

N. V. K. VARIER

The following is a somewhat free rendering of the opening salutatory sloka of Vagbhata's Ashtamga Hridaya. The proposal is to present the contents of the whole text, in series, since so far no such English translation is available.

Charaka, Susrutha and Vagbhata (Junior and Senior taken) according to tradition form the Vridha Thrayi (the elder triple). Omitting Vagbhatas creates a gap in Ayurvedic study. While Charaka and Susrutha represent the formative stage of Ayurvedic discipline, Vagbhatas incorporating the spirit of the later Budhistic renaissance represent the consolidation stage. They embrace all general and special studies quoting significant statements of masters of all the eight branches of Ayurveda. Not only Charaka and Susrutha are taken as bases, but gleaning from Bhela, Kasyapa Hareetha, Nimi etc. are also presented. Classical texts of the formative stage are called 'Samhitas' and the works of Vagbhatas, Samkshepas. At the tail end of the last chapter of Ashtamga Hridaya, Vagbhata himself assesses the importance of the two works, Ashtamga Samgraha and Ashtamga Hridaya.

"एतत् पठत् संग्रहबोधशक्तः स्वभ्यस्तकर्मा भिषग-प्रकम्प्यः ।"

'The physician who studies this (Hridaya) and is able to grasp Samgraha and attains practical experience is one unshakable.'

Again,

अष्टाङ्गवैद्यकमहोदधिमन्थनेन
योऽष्टाङ्गसंग्रहमहामृतराशिराप्तः ।
तस्मादनल्पफलमल्पसमुद्यतानां
प्रीत्यर्थमेतदुदितं पृथगेव तन्त्रम् ।।

"By churning the eight – branched ocean of medicine this plentiful nectar Ashtamga Samgraha is got. To get its full benefit to men with less efforts, this treatise (Hridaya) is presented separately" In another verse the status of Ashtamga Hridaya is again expressed by Vagbhata.

"हृदयमिव हृदयमेतत् सर्वायुर्वेदवाङमयपयोधेः ।"

'This treatise called Hridaya is like the heart of the entire sea of expressions in Ayurveda'.

The foregoing assessments of the self-confident author are accepted without any challenge by the entire Ayurvedic world. So an effort to render to English at least the contents of Ashtamga Hridaya ought to find full support.

But it not an easy task; Hridaya is not only a medical treatise. It has, of

course, insistence on objective experiences and studies but is also couched in the poetry of the highest quality, comparable only with those of the masters like Kalidasa. It is said that learning Ashtamga Hridaya is equal to the study of two Kavyas (Poetic compositions) of high-calibre. So a translation of the verses keeping its literary beauty and scientific precision in tact, is in fact beyond our capacity. What we promise is only to try to communicate the scientific studies, in prose, to help the readers understand the meaning and approaches of the Sastra, as presented by the poet-physician

### RAGADI ROGAN

रागादिरोगान् सततानुषक्तान्
अशेषकायप्रसृतानशेषान् ।
औत्सुक्यमोहारतिदान् जघान
योऽपूर्ववैद्याय नमोऽस्तु तस्मै ॥

Rāgādi Rogān Satatānushaktān,
Asesha Kāya Prasrthānaseshān,
OulsukyaMohāRathidān Jaghāna,
Yopūrva Vaidyāya Namosthu Tasmai.

'Let us salute that Ancient Physician who eradicated all diseases such as Raga (attachment), which are always present in all living beings, begetting anxiety, illusion and restlessness'.

This salutatory slokam (in Upajati Metre) of Ashtamga Hridaya introduces us to the essence of Ayurveda and helps us to reflect on the ideological background.

The prayer is addressed to the great physician 'Apoorva vaidya'. 'Apoorva' means 'Unique, Excellent, Wonderful, Unparalleled', the first before whom nobody like him ever existed etc. The author refrains from directly naming the Lord to whom the epithet applies. It can be 'Lord Siva' or 'Sakyamuni Buddha', whoever is attributed with mastery of yoga.

In Ayurveda, mental and physical diseases are not separate entities; Mind and body are only two seats of disease. All mental diseases affect the body and bodily diseases tell on the mind. As the heated ghee conveys the heat to its receptacle and the heated receptacle melts the ghee, so with the sufferings of body and mind. Diseases always affect the whole organism.

The unparalleled physician by destroying diseases such as Raga, routed out the causes of anxiety and despair, delusion and restlessness or psychosomatic symptoms of mental and physical disturbances.

Accordingly, the original or primary cause of all diseases is embedded in the mind. They are to be numbered from Raga onwards. Raga means that which colours (Ranjana).

Satwa, Rajas and Tamas are the three gunas properties (qualities) that propel the dynamics of nature and mind. Of these satwa is purity. Rajas and Tamas are liable to be coloured, tarnished and so termed doshas, which vitiate the mind.

Raga (attachment of the desire to possess) Dvesha (hatred) Lobha (avarice or covetousness), Mada (pride) Moha (false belief, delusion) Malsarya (hostility) Dambha (over estimation of ones

own importance and power), Ahankara (ego) are all diseases affecting the mind. They all originate from Rajas and Tamas.

A Satwik mind is not coloured by such abnormal fascinations which create pains. 'Roga' is that which creates pain (Rujanti Iti Roga).

This reference takes us to the original approach and the epistemological background of Ayurveda mainly provided by the philosophies of Sankhya, Yoga Nyaya and Vaiseshika.

The basic ideas of Sankhya and yoga are presented in the chapters Kathidha Purusheeya and Purusha vichaya (Sareera Sthana) of Charaka and (Sareera Sthana) of Susrutha. In Charaka's version it is of 24 principles while in Susrutha's it is 25 principles. Charaka's version is accepted as more original. In essence, it is a presentation of the origin and existence of the multiform universe and the relationship of man to it, both products of evolution (Parinamas). Man is a miniature embodiment of the universe, a microcosm, an evolute. The primordial nature (Prakriti) was in a static state with all the three gunas, Satwa (pure being) Rajas (activity) and Tamas (Friction, inertia) in equilibrium. When the balance is upset, naturally by virtue of its own inherent laws of movement evolution works from cause to effect, subtle to gross, energy to matter etc. It is how the multiform universe has come into existence; man an evolute, representing the universe, or the twenty four principles, enjoys the universe as the purusha. The twenty four principles are Prakriti (Primordial nature) Mahat (Buddhi), Ahankara (ego) - self identification), Manas (Mind) the five Jnanendriyas (cognitive organs) and five Karmendriyas (connative organs) the five subtle Tanmatras (atomic forms of ether, air, fire, water and earth) and gross forms of ether, air, fire, water, and earth. It is with this purusha - an embodiment of twentyfour principles (Rasi purusha) or structured by six elements (the five Bhutas and life principles) (Shat dhatuka) —medicine has to deal. ●

# ഗുണങ്ങൾ, ഭൂതങ്ങൾ, ദോഷങ്ങൾ

## കെ. രാഘവൻ തിരുമുൽപ്പാട്, ചാലക്കുടി

ആയുർവേദത്തിൽ വിഷയങ്ങളെ വ്യാഖ്യാനിക്കുന്നതിന്ന് സഹായകങ്ങളായ സാങ്കേതികങ്ങളായ ശബ്ദങ്ങളിൽ മൂന്നെണ്ണമാണ് ഗുണം, ഭൂതം, ദോഷം എന്നിവ. സാങ്കേതിക ശബ്ദങ്ങളുടെ താല്പര്യത്തെക്കുറിച്ച് നിഷ്കൃഷ്ടമായ ബോധമുണ്ടായാലേ ശാസ്ത്രത്തിന്റെ താല്പര്യത്തെക്കുറിച്ച് ബോധമുണ്ടാവുകയുള്ളു. അതിപരിചയം നിമിത്തം, എന്താണ് വിശേഷിച്ച് പറയാനുള്ളത് എന്ന നിലയിൽ പ്രയോഗിച്ചു പോരുകമൂലം പലപ്പോഴും വേണ്ടപോലെ ആലോചിക്കാത്തതുകൊണ്ട് അവയുടെ ഉദ്ദേശം കൃത്യമായി ധരിക്കുന്നില്ലയോ എന്ന് തോന്നിപ്പോകുന്നു. നിദാനത്തിലും ചികിത്സിതത്തിലും മനസ്സിരുത്തുകയും, കണ്ടു പരിചയിക്കുകയും കൊണ്ടു ചികിത്സിക്കാറായി എന്നുവരാം. എന്നാൽ ശാസ്ത്രീയമായി വിഷയങ്ങളെ പ്രതിപാദിക്കുന്നതിന്ന് അതു മാത്രം മതിയാവുകയില്ല. ആയുർവേദത്തിലെ സാങ്കേതിക ശബ്ദങ്ങളെ തെരഞ്ഞെടുത്തു അവയുടെ അർത്ഥം പറയുന്ന ഒരു കോശം (നിഘണ്ടു) ഉണ്ടാകേണ്ടത് ആവശ്യമാണ്. മററു ഭാഷകളിൽ അങ്ങനെ ഒരു ശ്രമം നടന്നിട്ടുണ്ടോ എന്നറിഞ്ഞുകൂട. മലയാളത്തിൽ അങ്ങനെ ഒന്നറിവില്ല, മററു ഭാഷകളിൽ നടന്നിട്ടുണ്ടാകാവുന്ന പഠനങ്ങളേയും പരിശോധിച്ചും സ്വന്തമായി ആലോചിച്ചും അത്തരത്തിലുള്ള ഒരു ഗ്രന്ഥം നിർമ്മിക്കുന്നതിന്നുള്ള പ്രവർത്തനം തികച്ചും പ്രയോജനകരമാണ്. ഗുണം, ഭൂതം, ദോഷം എന്ന മൂന്നു ശബ്ദങ്ങളുടെ താല്പര്യത്തെ പരിചയപ്പെടുത്തുന്നതിന്നുള്ള ശ്രമമാണ് ഈ ലേഖനം.

### ഗുണം

രണ്ടു തരത്തിലുള്ള ഗുണങ്ങളാണ് ആയുർവേദത്തിൽ പറയപ്പെട്ടിട്ടുള്ളത്. ഗുരു, മന്ദം, ഹിമം, സ്നിഗ്ദ്ധം, ശ്ലക്ഷ്ണം, സാന്ദ്രം, മൃദു, സ്ഥിരം, സൂക്ഷ്മം, വിശദം എന്നിവയും ഇവയുടെ വിപരീതങ്ങളായ ലഘു, തീക്ഷ്ണം, ഉഷ്ണം, രൂക്ഷം, പരുഷം, ദ്രവം, കഠിനം, ചലം, സ്ഥൂലം പിച്ഛിലം എന്നിവയും കൂടിയ ഇരുപതു ഗുണങ്ങളെ ഗുർവ്വാദികൾ എന്നു പറയുന്നു. ഇവ ദ്രവ്യനിഷ്ഠങ്ങളാണ്. ദ്രവ്യത്തിന്റെ ഭൌതികമായ ഘടനയുടെ വൈചിത്ര്യം കൊണ്ടാണ്, അതതിന്നൊത്ത ഗുണങ്ങൾ ഉണ്ടാകുന്നത്. കർമ്മഭിസ്ത്വനുമീയന്തേ നാനാദ്രവ്യാശ്രയാഃ ഗുണാഃ. അതതു ദ്രവ്യത്തിന്റെ ഉപയോഗംകൊണ്ടു അനുഭവപ്പെടുന്ന കർമ്മങ്ങളിൽനിന്ന് അതതിന്റെ ഗുണങ്ങളെ അനുമിക്കണമെന്നാണ് സിദ്ധാന്തം. ദ്രവ്യം ശരീരത്തിൽ ഉളവാക്കുന്ന ഭാവങ്ങളേയും ഭാവഭേദങ്ങളേയുമാണ് കർമ്മങ്ങൾ എന്നു പറയുന്നത്. ഓരോ ദ്രവ്യത്തിന്റെ ഗുണങ്ങളെ പറഞ്ഞിരിക്കുന്നതിൽനിന്നു ശരീരത്തിൽ അതിന്ന വിധത്തിൽ പ്രവർത്തിക്കുമെന്നു മനസ്സിലാക്കാൻ കഴിയും. അത്തരം പ്രവർത്തനത്തെ ഉദ്ദേശിക്കുമ്പോൾ അത്തരം ദ്രവ്യത്തെ ഉപയോഗിക്കണമെന്നു സാമാന്യമായി

പറയാം. വിശിഷ്ടമായ കർമ്മത്തെ ഉദ്ദേശിച്ച് ദ്രവ്യങ്ങളെ യോജിപ്പിച്ചും സംസ്കരിച്ചും ഉപയോഗിക്കുന്നു.

## സത്വം, രജസ്സ്, തമസ്സ്

സത്വം രജസ്സ് തമസ്സ് എന്നിവയാണ് മറെറാരു വിധത്തിൽ പറയപ്പെട്ടിട്ടുള്ള ഗുണങ്ങൾ. സാംഖ്യയോഗപ്രസിദ്ധങ്ങളായ ഈ മൂന്നു ഗുണങ്ങളെ മനസ്സിനോടു ബന്ധിപ്പിച്ചാണ് പറഞ്ഞിരിക്കുന്നത്. ഈ മൂന്നു ഗുണങ്ങളിൽ രജസ്സിനേയും തമസ്സിനേയും ദോഷങ്ങൾ എന്നും പറയുന്നു. ആ രണ്ടു ഗുണങ്ങളുടെ വൈഷമ്യം മനോരോഗങ്ങൾക്കു കാരണമാവുകകൊണ്ടാണ് അവയെ ദോഷങ്ങൾ എന്നു പറയുന്നത്. സത്വം ഒരിക്കലും രോഗകാരണമാവുകയില്ല. സത്വം വിവേകത്തിന്നും സമാധാനത്തിന്നും ആശ്രയമാണ്. രജസ്സ് ഉത്സാഹത്തിന്നും പ്രവൃത്തിക്കും, തമസ്സ് ഉദാസീനതക്കും നിവൃത്തിക്കും ആശ്രയമാകുന്നു. ജീവിതത്തിൽ പ്രവൃത്തിയും നിവൃത്തിയും ആവശ്യമാകയാൽ, രജസ്സിനേയും തമസ്സിനേയുംഒഴിവാക്കിക്കൊണ്ട്, സത്വം മാത്രമായി ഒരവസ്ഥ ഉണ്ടാകാൻ നിവൃത്തിയില്ല. പരിശ്രമവും വിശ്രമവും ജീവിതത്തിൽ ആവശ്യമാണല്ലോ. അവ വിവേകത്തിന്നധീനമായിരിക്കണമെന്നു മാത്രം. രജസ്സും തമസ്സും സത്വത്തിന്ന് അധീനമായിരിക്കുമ്പോൾ മാനസികമായ ആരോഗ്യം അനുഭവപ്പെടുന്നു. വർധിച്ച സത്വത്തെ ധിക്കരിക്കുമ്പോൾ, അനിയന്ത്രിതമായിരിക്കുമ്പോൾ, അവ രോഗത്തെ ഉണ്ടാക്കുന്നു. ഉറക്കം തമോഗുണത്തിൻെറ സ്വഭാവമാണ്. അപ്പോൾ മനസ്സും ഇന്ദ്രിയങ്ങളുമെല്ലാം വിശ്രമിക്കുകയാണല്ലോ. അതുകൊണ്ട് പരിശ്രമംകൊണ്ടുള്ള ശരീരത്തിൻെറ ക്ഷീണവും തീരുന്നു. രജസ്സും തമസ്സും പരസ്പരം നിയന്ത്രിച്ചും, സത്വത്തിന്നു വിധേയമായും പ്രവർത്തിക്കുമ്പോൾ മാനസികമായ ആരോഗ്യം അനുഭവപ്പെടുന്നു. എല്ലാ രോഗങ്ങൾക്കും മൂലകാരണമെന്നു പറയപ്പെടുന്ന പ്രജ്ഞാപരാധം, സത്വത്താൽ നിയന്ത്രിതമാകാതെയുള്ള രജസ്തമസ്സുകളുടെ സ്ഥിതിയാണ്. ധീധൃതിസ്മൃതിവിഭ്രംശമായ ജീവിതത്തിന്ന്, അഹിതങ്ങളായ ആചാരവിചാരങ്ങൾക്കും ആഹാരവിഹാരങ്ങൾക്കും പ്രജ്ഞാപരാധം കാരണമാകയാൽ, മാനസികമായ ആരോഗ്യത്തെ ആശ്രയിച്ചാണ് ശാരീരികമായ ആരോഗ്യവും സാമാന്യമായിരിക്കുന്നതെന്നു പറയാം.

ഗുർവ്വാദി ഗുണങ്ങളെ അപേക്ഷിച്ച സത്വരജസ്തമസ്സുകൾക്കു ഒരു വ്യത്യാസമുണ്ട്. ഗുർവ്വാദിഗുണങ്ങൾ ദ്രവ്യത്തിൻെറ ഘടനയെ ആശ്രയിച്ചിരിക്കുന്നവയാണല്ലോ. ഘടനയനുസരിച്ച ദ്രവ്യത്തിന്നുണ്ടാവുന്ന സ്വഭാവത്തെയാണ് ഗുർവ്വാദികൾ കുറിക്കുന്നത്. എന്നാൽ സത്വവും രജസ്സും തമസ്സും അങ്ങനെ മനോനിഷ്ഠങ്ങളല്ല. അവ മനസ്സിൻെറ ഘടകങ്ങൾതന്നെയാണ്. സത്വം, രജസ്സ്, തമസ്സ് എന്നിവ സാംഖ്യപ്രകാരം, പ്രകൃതിയുടെ ഘടകങ്ങളാണല്ലോ. അവയെ ഗുണങ്ങൾ എന്നു പറയുന്നത് അവയവങ്ങൾ എന്ന നിലക്കാണ്. ഗുണം എന്നതിന്നു വന്നുകൂടുന്ന അർത്ഥം പ്രാധാന്യം കുറഞ്ഞത് എന്നാണ്. 'ദ്രവ്യമേവ രസാദീനാം ശ്രേഷ്ഠം' എന്നുണ്ടല്ലോ. എന്തിനെ ആശ്രയിച്ചിരിക്കുന്നുവോ അതിന്ന്, എന്താശ്രയിച്ചിരിക്കുന്നുവോ അതിനേക്കാൾ പ്രാധാന്യമുണ്ടാവണം. അതുപോലെ, എന്തിൻെറ അവയവങ്ങളോ അതിന്ന്, അവയവങ്ങളെ അപേക്ഷിച്ച പ്രാധാന്യമുണ്ടാകണം. അതുകൊണ്ട് പ്രകൃതിക്കു പ്രധാനം എന്നൊരു പര്യായംതന്നെയുണ്ട്. പരിണാമംകൊണ്ടു ദ്രവ്യങ്ങളായിത്തീരുന്ന പ്രകൃതി അഥവാ പ്രധാനം ദ്രവ്യംതന്നെയാണ്. അതുപോലെ ആഹാരത്തിൻെറ സൂക്ഷ്മമായ അംശത്തിൽനിന്ന് രൂപംപ്രാപിക്കുന്ന മനസ്സും ദ്രവ്യംതന്നെ. വൈശേഷികശാസ്ത്രവും മനസ്സിനെ ദ്രവ്യങ്ങളുടെ കൂട്ടത്തിലാണ് ഗണിച്ചിട്ടുള്ളത്, ദ്രവ്യങ്ങളെ ഗീതയിലും മററും സാത്വികം, രാജസം, താമസം എന്നു തിരിച്ചിട്ടുള്ളത്, ആഹാരമായും മററും ഉപയോഗിക്കുമ്പോൾ, പരിണാമത്തിൻെറ അവസാനത്തിൽ സൂക്ഷ്മഭാവംകൊണ്ട് ഏതു ഗുണത്തെ പോഷിപ്പിക്കുന്നു എന്നൂഹിച്ചിട്ടാണ്. മധുരദ്രവ്യം സാമാ

ന്യമായിസത്വഗുണത്തെപ്പോഷിപ്പിയ്ക്കുന്നു. താരതമ്യം അനുസരിച്ച് ഇതരഗുണങ്ങളും വേണം. അതുകൊണ്ടാണ് ആഹാരം 'ഷഡ്രസം മധുരപ്രായം' എന്നു വിധിയ്ക്കപ്പെട്ടിരിയ്ക്കുന്നത്. എന്നാൽ ആയുർവേദത്തിൽ ദ്രവ്യങ്ങളുടെ ഗുണങ്ങളെ പറഞ്ഞിരിയ്ക്കുമ്പോൾ, രാജസം, താമസം, സാത്വികം എന്നു പറഞ്ഞുകാണാത്തതു ശ്രദ്ധേയമാണ്. അതിന്നു കാരണം, ശരീരത്തിൻെറ ആരോഗ്യത്തേയും രോഗത്തേയും പ്രധാനമാക്കി, ദോഷങ്ങളുടെ സാമ്യത്തേയും വൈഷമ്യത്തേയും പ്രധാനമാക്കിയാണ് ആയുർവേദത്തിൽ ദ്രവ്യങ്ങൾ വിവരിയ്ക്കപ്പെട്ടിരിയ്ക്കുന്നത് എന്നതാണ്. പ്രഭാവംകൊണ്ട് മേധയേയും ബുദ്ധിയേയും സ്മൃതിയേയും വർധിപ്പിയ്ക്കുന്ന ദ്രവ്യങ്ങളെ പ്പറഞ്ഞിരിയ്ക്കുന്നതും ശ്രദ്ധേയമാകുന്നു. മൌലികമായ സ്വഭാവവും പെരുമാററവും മനസ്സിനെ ആശ്രയിച്ചാണിരിയ്ക്കുന്നത്. അവയ്ക്കു കാരണമാകുന്നവയാണ് സത്വരജസ്തമസ്സുകൾ എന്നു പ്രായോഗികമായി പറയാം. ദ്രവ്യങ്ങളുടെ ഗുണദോഷങ്ങളെ നിർണ്ണയിക്കുന്നതിന്ന് ഗുർവ്വാദികളായ ഗുണങ്ങളും പ്രയോജനപ്പെടുന്നു.

## ഭൂതം

അഞ്ച് ഇന്ദ്രിയങ്ങളിൽകൂടിയാണല്ലോ നാം പ്രപഞ്ചവുമായി ബന്ധപ്പെടുന്നത്. ഓരോ ഇന്ദ്രിയത്തിന്നും ഗ്രഹിയ്ക്കാവുന്നതായി വിശേഷിച്ച് ഓരോ ഗുണമുണ്ട്. ശ്രോത്രം (ചെവി) ശബ്ദത്തേയും, ത്വക്ക് (തൊലി) സ്പർശത്തേയും നേത്രം (കണ്ണ്) രൂപത്തേയും, രസന (നാക്ക്) രസത്തേയും, ഘ്രാണം (മൂക്ക്) ഗന്ധത്തേയും അറിയുന്നു. അതതിന്ദ്രിയം അതതു പേരുള്ള അവയവത്തിലിരിയ്ക്കുന്നു. ഈ ഓരോ ഗുണത്തിന്നും അധിഷ്ഠാനമായി സങ്കല്പിയ്ക്കപ്പെടുന്ന ദ്രവ്യമാണ് ഭൂതം. അങ്ങനെ അഞ്ച് ഭൂതങ്ങൾ അംഗീകരിയ്ക്കപ്പെട്ടിരിയ്ക്കുന്നു. ഭൂതങ്ങളുടെ സൂക്ഷ്മമായ അവസ്ഥയെ തന്മാത്രങ്ങൾ എന്നു പറയുന്നു. തന്മാത്രാവസ്ഥയിൽ ഭൂതം ഇന്ദ്രിയഗ്രാഹ്യമല്ല. ഭൂതതന്മാത്രങ്ങൾ കലർന്നു മഹാഭൂതങ്ങളുണ്ടാവുന്നു. മഹാഭൂതങ്ങളിൽ പകുതി കണ്ട് ഏതെങ്കിലും ഒരു ഭൂതവും അരയ്ക്കാൽ ഭാഗം വീതം മററു നാലു ഭൂതങ്ങളും എന്നാണു സങ്കല്പിയ്ക്കപ്പെട്ടിരിയ്ക്കുന്നത്. ഇങ്ങനെ ഭൂതങ്ങൾ മഹാഭൂതങ്ങളായി പരിണമിയ്ക്കുന്ന പ്രക്രിയയെ പഞ്ചീകരണം എന്നു പറയുന്നു. ഇങ്ങനെയുണ്ടാവുന്ന മഹാഭൂതങ്ങൾ പലേ തോതിലും പലേ അടുക്കിലും കലർന്നാണ് ദ്രവ്യങ്ങൾ ഉണ്ടാകുന്നത്. ഇന്ദ്രിയഗോചരമായി ചുററും കാണപ്പെടുന്ന പദാർത്ഥങ്ങളെല്ലാം ദ്രവ്യങ്ങളാണ്. ഗുണങ്ങൾക്കാശ്രയമായ ഭൂതങ്ങളും ദ്രവ്യങ്ങൾ തന്നെ. ഭൂതങ്ങളെ കാരണദ്രവ്യങ്ങളെന്നും, അവ കലർന്നുണ്ടാവുന്നവയെ കാര്യദ്രവ്യങ്ങളെന്നും പറയുന്നു. ഓരോ ദ്രവ്യത്തിലുമുണ്ടാകുന്ന ഗുണവിശേഷങ്ങൾക്കെല്ലാം കാരണം, അവയുടെ നിഷ്പത്തിയിൽ കലരുന്നതായ ഭൂതങ്ങളുടെ അളവിൻേറയും അടുക്കിൻേറയും വ്യത്യാസമാകുന്നുവെന്ന് കല്പിയ്ക്കപ്പെട്ടിരിയ്ക്കുന്നു. ശബ്ദഗുണത്തിന്നാശ്രയമായ ഭൂതം ആകാശം, സ്പർശഗുണത്തിന്നാശ്രയമായ ഭൂതം വായു, രൂപഗുണത്തിന്നാശ്രയമായ ഭൂതം അഗ്നി, രസഗുണത്തിന്നാശ്രയമായ ഭൂതം ജലം, ഗന്ധഗുണത്തിന്നാശ്രയമായ ഭൂതം ഭൂമി, എന്നിങ്ങനെയാണ് പഞ്ചഭൂതങ്ങളുടെ സ്ഥിതി. ഈ ഭൂതങ്ങൾതന്നെ ഒന്നിനൊന്നു പരിണമിച്ചുണ്ടായതാണ് എന്നും സിദ്ധാന്തമുണ്ട്. ആകാശത്തിൽനിന്നു വായു, വായുവിൽനിന്നു അഗ്നി, അഗ്നിയിൽനിന്നു ജലം, ജലത്തിൽനിന്നു ഭൂമി എന്നിങ്ങനെ പരിണാമത്തിൽ പൂർവ്വഗുണത്തോടൊപ്പം വിശിഷ്ടമായ ഒരു ഗുണം കൂടി ഉണ്ടാകുന്നു. ഇങ്ങനെ ഗുണങ്ങൾ വർധിയ്ക്കുകകൊണ്ടു സ്ഥൂലതയും ഏറുന്നു. ആകാശത്തിൽ ശബ്ദമെന്ന ഒരു ഗുണം മാത്രം, ക്രമത്തിൽ ഭൂമിയിൽ അതിൻെറ വിശേഷഗുണത്തോടൊപ്പം, സാമാന്യമായി മററു നാലു ഗുണങ്ങളുമെന്നാണ് ആ സങ്കല്പം. ഇങ്ങനെ പരിണതങ്ങളായിത്തീരുന്ന ഭൂതങ്ങൾ മഹാഭൂതങ്ങളായ കാര്യദ്രവ്യങ്ങളായും പരിണമിയ്ക്കുന്നു. ഇന്ദ്രിയ ഗോചരമായി, ഭൂമിയും ജലവും അഗ്നിയും വായുവും ആകാശവും കാണപ്പെടുന്ന അവയിൽ കാരണരൂപത്തിൽ ആ പേരുള്ള ഭൂതം

അധികമായിരിക്കുകകൊണ്ടാണ്. ആകാശത്തിൽ ശബ്ദമൊഴിച്ചുള്ള ഗുണങ്ങൾ വളരെ സൂക്ഷ്മമായിരിക്കുകയാലാണ്, ത്വക്ക മുതലായ ഇന്ദ്രിയങ്ങൾകൊണ്ട തിനെ ഗ്രഹിക്കാൻ സാധാരണയായി കഴിയാത്തത്. ആകാശമെന്നതു കേവലം ശൂന്യമല്ല എന്നും ധരിക്കണം. പലവിധ ത്തിലുള്ള പാകങ്ങൾകൊണ്ട കാര്യദ്രവ്യത്തിൽ രൂപം പ്രാപിക്കുന്നവയാണ് അതതിന്നൊത്ത ഗുണങ്ങളും ധർമ്മങ്ങളുമെല്ലാം. ആവശ്യം കഴിഞ്ഞാൽ, ദ്രവ്യങ്ങൾ ശിഥിലങ്ങളായി വീണ്ടും ഭൂതങ്ങളായിത്തീരുന്നു. അതിന്നു വിപരിണാമം എന്നു പറയുന്നു. ഇത്രയും പറഞ്ഞതിൽനിന്നു, അതതിൻെറ സ്വഭാവത്തിന്ന് കാരണമാകുന്ന ദ്രവ്യങ്ങളുടെ ഘടനാവിശേഷത്തെ മനസ്സിലാക്കുന്നതിന്നാണ് പഞ്ചഭൂതസിദ്ധാന്തം പ്രയോജനപ്പെടുന്നത്എന്നു മനസ്സിലാക്കാമല്ലോ. പഞ്ചഭൂതശരീരിസമവായമാണ് ഈ പ്രപഞ്ചമെന്നു സിദ്ധാന്തമുണ്ട്. പഞ്ചഭൂതങ്ങളും ആത്മാവുമാകുന്ന ആറു തത്വങ്ങൾ വേർപിരിക്കാൻ കഴിയാതെ കലന്നിരിക്കുന്നത് എന്നു താൽപര്യം. ഘടകങ്ങൾ വേർപിരിഞ്ഞാൽ ദ്രവ്യം തന്നെ നശിക്കുന്നു എന്നു സമവായം എന്ന സംബന്ധത്തെക്കുറിക്കുന്ന പദം സൂചിപ്പിക്കുന്നു. പഞ്ചഭൂതങ്ങൾ ആത്മാവിൻെറ സാന്നിധ്യത്തിൽ, ആത്മാവിനെ കേന്ദ്രമാക്കിയാണ് സംഘടിക്കുന്നത്. ആത്മാവു വേർപിരിയുമ്പോൾ ഭൂതങ്ങൾ ശിഥിലങ്ങളായി ദ്രവ്യം നശിച്ചുപോകുന്നു. അതുകൊണ്ട് സർവ്വവ്യാപകമായി ആത്മാവു എന്നൊരു വസ്തുവുണ്ട് എന്നു സങ്കല്പിക്കപ്പെടുന്നു. പ്രാപഞ്ചികങ്ങളായ ദ്രവ്യങ്ങളിൽ ഒന്നു മാത്രമാണ് മനുഷ്യൻ. ആത്മാവിൻെറ സാന്നിധ്യത്തിലാണല്ലോ മനുഷ്യൻെറ ശരീരം നിലനില്ക്കുന്നത്. മരണത്തിൽ, ആത്മാവു വേർപെടുമ്പോൾ, ശരീരം ശിഥിലമായി, വിഘടിതമായി അഞ്ചു ഭൂതങ്ങളും അഞ്ചു ഭൂതങ്ങളിൽ ലയിക്കുന്നു. അതുകൊണ്ട് മരണത്തിന്നു പഞ്ചത്വം പ്രാപിക്കൽ എന്നൊരു വിവരണംതന്നെ യുണ്ടായിരിക്കുന്നു. അതതു ഭൂതത്തിൻെറ ഗുണത്തെ ഗ്രഹിക്കുന്ന ഇന്ദ്രിയവും അതതു ഭൂതത്താൽത്തന്നെ ഘടിതമാണെന്നാണ് സിദ്ധാന്തം.

## ദോഷങ്ങൾ

ശരീരത്തിൻെറ വളർച്ചയും നിലനിൽപ്പും, സദാ നടന്നുകൊണ്ടിരിക്കുന്ന ചില പ്രക്രിയകളെ ആശ്രയിച്ചാണിരിക്കുന്നതു്. ആഹാരം വേണ്ടവിധം പക്വമായി, സാരം വേർതിരിഞ്ഞ് അതിൽനിന്നു അതതു ധാതുക്കൾ പുഷ്ടിപ്പെടുന്നതിന്നാവശ്യമായ അംശങ്ങൾ പാകവിശേഷങ്ങൾ കൊണ്ട പരിണമിച്ചാണ് ശരീരം നിലനില്ക്കുന്നതും വളരുന്നതും. ഇങ്ങനെ നിരന്തരം പോഷണം ആവശ്യമാകത്തക്ക വിധം ശരീരഭാവങ്ങൾക്ക ക്ഷയവും സംഭവിച്ചുകൊണ്ടിരിക്കുന്നു. ഇങ്ങനെ നിരന്തരങ്ങളായ ക്ഷയത്തിന്നും പൂരണത്തിന്നും ആവശ്യമായ പ്രക്രിയകൾക്ക പുറമെ, അവയെ പൊരുത്തപ്പെടുത്തുകയും നിയന്ത്രിക്കുകയും ചെയ്യുന്നതിന്നാവശ്യമായ ഒരു പ്രക്രിയ കൂടി ശരീരത്തിൽ നടന്നുകൊണ്ടിരിക്കുന്നു, ഈ മൂന്നു തരത്തിലുള്ള പ്രക്രിയകൾകൊണ്ട് ശാരീരങ്ങളായ എല്ലാ ധർമ്മങ്ങളും കർമ്മങ്ങളും നിർവ്വഹിക്കപ്പെടുന്നു. ഓരോ പ്രക്രിയക്കും സാധകമായി ഓരോ ദോഷം അംഗീകരിക്കപ്പെട്ടിരിക്കുന്നു. പചനത്തെ സാധിക്കുന്ന ദോഷത്തെ പിത്തമെന്നും പോഷണത്തെ സാധിക്കുന്ന ദോഷത്തെ കഫമെന്നും നിയന്ത്രണത്തെ സാധിക്കുന്ന ദോഷത്തെ വാതമെന്നും സാമാന്യമായി സാങ്കേതികമായി പറയുന്നു. പ്രക്രിയകളുടെ അവാന്തരങ്ങളായ ഭേദങ്ങളെ സാധിക്കുന്നവയായി ദോഷങ്ങൾക്കും അവാന്തരങ്ങളായ ഭേദങ്ങളെ സങ്കല്പിച്ചിട്ടുണ്ട്. ഇവയെ ദോഷങ്ങൾ എന്നു പറയുന്നതു് ഒരു മുന്നറിയിപ്പ് എന്ന നിലയ്ക്കാണ്. ആഹാരവിഹാരങ്ങളും ആചാരവിചാരങ്ങളും പരിതഃസ്ഥിതികളും എല്ലാം അനുകൂലങ്ങളായിരിക്കുന്നേടത്തോളം കാലമേ ഇവ വഴിപോലെ വേണ്ടപോലെ പ്രവർത്തിക്കുകയുള്ളു. അപ്പോഴാണ് ആരോഗ്യം അനുഭവപ്പെടുക. അനുകൂലമായ സാഹചര്യത്തിൽ ആന്തരങ്ങളായ പ്രക്രിയകൾ വേണ്ടവിധം നടക്കുന്ന അവസ്ഥയിൽ

അനുഭവപ്പെടുന്ന സ്വാസ്ഥതയും സുഖവുമാണ് ആരോഗ്യമെന്ന് പറയപ്പെടുന്നതു്. ആഹാരവും വിഹാരവും ആചാരവും വിചാരവും പരിതഃസ്ഥിതിയുമെല്ലാം അഹിതമായി, സാഹചര്യം പ്രതികൂലമായിത്തീരുമ്പോൾ പ്രക്രിയകൾക്ക് വരുന്ന വ്യത്യാസം, അസ്വാസ്ഥതയേയും ദുഃഖത്തേയും ഉണ്ടാക്കുന്നു. അതാണ് രോഗം. അപ്പോൾ ദോഷം ദൂഷിച്ചിരിക്കുന്നതായി സാങ്കേതികമായി പറയുന്നു. ദോഷം ദൂഷിക്കുമ്പോൾ, പ്രക്രിയകൾക്ക് വൈകല്യം വന്ന് ശാരീരങ്ങളായ ഭാവങ്ങളെല്ലാം തന്നെ അപ്പപ്പോഴത്തെ സ്ഥിതിക്കനുസരിച്ച് ദൂഷിക്കുന്നു. ദോഷങ്ങൾ അന്യോന്യം സഹകരിച്ചും നിയന്ത്രിച്ചുമാണ് പ്രക്രിയകളെ നിർവ്വഹിക്കുന്നതു്. അതുകൊണ്ട് സാഹചര്യവിശേഷം കൊണ്ടു് ഒരു ദോഷം ദൂഷിച്ചാൽ, അതു മററു ദോഷങ്ങൾ ദൂഷിക്കുന്നതിന്നും കാരണമാകും. ഇങ്ങിനെ ദോഷങ്ങളുടെ ദൂഷണസ്വഭാവത്തെ മുൻനിർത്തി, അശുദ്ധമായി, അഹിതമായി, അപഥ്യമായി ജീവിച്ചാൽ രോഗം വരുമെന്ന താൽപര്യത്തെ മുൻനിത്തിയാണ് ദോഷം എന്ന സംജ്ഞ നൽകപ്പെട്ടിരിക്കുന്നതു്. ദൂഷിച്ചു ദൂഷിപ്പിക്കാത്ത അവസ്ഥയിൽ എങ്ങനെ ആ സംജ്ഞക്കു അനന്വർത്ഥതയുണ്ടാകുമെന്ന സംശയത്തിന്ന്, ചികിത്സിക്കുന്നതിന്ന് യോഗ്യതയുള്ളവനെ, തല്ക്കാലം ചികിത്സിക്കാതിരിക്കുന്ന സമയത്തും വൈദ്യനെന്നും, പാടാൻ അറിവും കഴിവുമുള്ളവനെ, പാടാതിരിക്കുന്ന സമയത്തും ഗായകനെന്നും പറയുന്നതുപോലെയാണെന്ന സമാധാനം നൽകപ്പെടുന്നു. ആന്തരങ്ങളായ പ്രക്രിയകൾ വേണ്ടവിധം നടക്കുന്ന അവസ്ഥയിൽ അനുഭവപ്പെടുന്ന ആരോഗ്യവും അല്ലാത്ത അവസ്ഥയിൽ അനുഭവപ്പെടുന്ന രോഗവുമെല്ലാം, അതാതിനൊത്ത ലക്ഷണങ്ങളെ ആവിഷ്ക്കരിക്കുന്നു. ലക്ഷണങ്ങൾകൊണ്ട് ആന്തരങ്ങളായ പ്രക്രിയകളുടെ അവസ്ഥയേയും അവയെ നിയന്ത്രിക്കുന്ന ദോഷങ്ങളുടെ അവസ്ഥയേയും അറിയാൻ കഴിയും. ഇവ തമ്മിലുള്ള ബന്ധം സുനിയതമാകയാൽ, ലക്ഷണങ്ങളെ ദോഷങ്ങളോടു നേരിട്ടു ബന്ധപ്പെടുത്തിത്തന്നെ മനസ്സിലാക്കുകയും, ലക്ഷണങ്ങളുടെ വിശേഷങ്ങൾ കൊണ്ടു് ദോഷങ്ങളുടെ വ്യത്യാസങ്ങളെ അറിഞ്ഞ്, കാരണമായ ആഹാരവിഹാരാദികളിൽ വന്നുപോയിട്ടുള്ള തരക്കേടുകളെ മനസ്സിലാക്കി, തെററുകൾ തിരുത്തുന്നതിന്നും, ഔഷധങ്ങൾ ഉപയോഗിക്കുന്നതിന്നും കഴിയും. അതിന്നാണ് ചികിത്സയെന്നു പറയുന്നത്. സ്വാസ്ഥമായ അവസ്ഥയിലും, അസ്വാസ്ഥമായ അവസ്ഥയിലും ദോഷങ്ങളുടെ കർമ്മങ്ങളേയും അവകൊണ്ടനുഭവപ്പെടുന്ന ലക്ഷണങ്ങളേയും നിരീക്ഷിച്ചറിഞ്ഞു ശാസ്ത്രങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയിരമോ അയ്യായിരമോ കൊല്ലങ്ങളായിട്ടും അനുഭവത്തിൽ അവയ്ക്കു് വ്യത്യാസം കാണുന്നില്ല. അങ്ങനെ അനാദിയെന്നപോലെയിരിക്കുന്ന സിദ്ധാന്തങ്ങൾ അനന്തങ്ങളും (എന്നെന്നും സാധുത്വമുള്ളവയും) ആകുമെന്ന് കരുതാവുന്നതാണ്. സ്വാസ്ഥാവസ്ഥയിൽ ദോഷങ്ങളെ ധരിക്കുന്നവ (നിലനിത്തുന്നവ) എന്ന അത്ഥത്തിൽ ധാതുക്കൾ എന്നു പറയാറുണ്ട്. എന്നാൽ, ശരീരഘടകങ്ങളായ രസം മുതലായവക്കു ആ സംജ്ഞ സിദ്ധമാണ്. ദോഷം ദൂഷിക്കുമ്പോൾ, ധാതുക്കളേയും മററും മലിനമാക്കുകകൊണ്ടും, ശോധനം ചെയ്യുത്തക്കവിധം ചില വസ്തുക്കൾ സഞ്ചയിക്കുകകൊണ്ടും ചിലപ്പോൾ ദോഷങ്ങളെ മലങ്ങളെന്നും പറഞ്ഞുകാണാം. എന്നാൽ മൂത്രം, ശകൃത്തു് മുതലായവ നിയമേന മലങ്ങൾ എന്നു പറയപ്പെടുന്നവയാണ്. അതുകൊണ്ട് വാതം, പിത്തം, കഫം എന്നിവയുടെ നിയതമായ സംജ്ഞ ദോഷങ്ങളെന്നാണ്. നിയന്ത്രണത്തിന്റെ പ്രാധാന്യം നിമിത്തം വാതത്തെ ഒന്നാമതായും, പോഷണം പാകത്തെ ആശ്രയിച്ചിരിക്കുകകൊണ്ട് പിത്തത്തെ രണ്ടാമതായും പരിണതമായ ഫലമായ പുഷ്ടിയെക്കുറിക്കുന്ന കഫത്തെ മൂന്നാമതായും പറയുകയാണ് ശാസ്ത്രത്തിലെ സമ്പ്രദായം.

ഗുണം, ഭൂതം, ദോഷം എന്നിവയെ, ആയുർവേദശാസ്ത്രരീത്യാ പ്രാഥമികമായി പരിചയപ്പെടുത്തുന്നതിന്നാണ് ഉദ്യമി

ച്ചത്. ത്രിഗുണങ്ങൾ (സത്വം, രജസ്സ്, തമസ്സ് എന്നിവ) പദാർത്ഥത്തിന്റെ മൌലികമായ സ്വഭാവത്തിന്ന് ആശ്രയമാകുന്നു. ഭൂതങ്ങൾകൊണ്ട് ഘടനയെ വ്യാഖ്യാനിക്കുന്നു. ദോഷങ്ങൾ കർമ്മങ്ങൾക്ക് ആസ്പദമാകുന്നു. ഓരോ വിശേഷത്തെ വിശദീകരിക്കുന്നതിന്നു ഓരോന്നു പ്രയോജനപ്പെടുന്നുവെന്നല്ലാതെ, മൂന്നിനേയും കലർത്തി എങ്ങനെയെങ്കിലും വ്യാഖ്യാനിക്കേണ്ട ആവശ്യമോ അതുകൊണ്ടു വിശിഷ്ടജ്ഞാനത്തിന്ന് പ്രയോജനമോ ഉണ്ടെന്നു പറഞ്ഞുകൂട. എല്ലാത്തിലും എല്ലാം ഉള്ളതുകൊണ്ട് ചില സമീകരണങ്ങൾക്ക് (Equations) സാധ്യതയുണ്ടെന്നു മാത്രം, അതതിന്റെ വിഷയത്തെ മനസ്സിലാക്കുവാൻ അതതു പ്രയോജനപ്പെടുന്നു. മനുഷ്യശരീരത്തെക്കുറിച്ചു മാത്രമല്ല, പ്രപഞ്ചത്തിലുള്ള എല്ലാ വസ്തുക്കളെക്കുറിച്ചും ഇതു ശരിയാകുന്നു. ജന്തുക്കളുടേയും വൃക്ഷങ്ങളുടേയും മററും വളർച്ചയും ആരോഗ്യവും രോഗവും എല്ലാം ത്രിദോഷസിദ്ധാന്തമനുസരിച്ചാണ് വ്യാഖ്യാനിക്കേണ്ടത്. എന്നാൽ അവയെ ആഹാരമായും ഔഷധമായും ഉപയോഗിക്കേണ്ടിവരുമ്പോൾ, അവയുടെ ഭൌതികമായ ഘടനയനുസരിച്ച് അനുഭവപ്പെടുന്ന ഗുണങ്ങളേയും കർമ്മങ്ങളേയും അനുസരിച്ചു മനസ്സിലാക്കേണ്ടിയിരിക്കുന്നു. മനുഷ്യനെ സംബന്ധിച്ചു കർമ്മപരമായാണ് (Functional) പ്രാധാന്യേന അറിയേണ്ടിയിരിക്കുന്നത്. രോഗവും ആരോഗ്യവും കർമ്മപരമായ വ്യത്യാസത്തെ ആണല്ലോ ആശ്രയിച്ചിരിക്കുന്നത്. ശരീരത്തെ സംബന്ധിച്ചു അവയവസന്നിവേശത്തെ പ്രധാനമാക്കിയുള്ള രചനാപരമായ ജ്ഞാനവും ആവശ്യമാണ്, ശസ്ത്രകർമ്മത്തിന്നു പ്രത്യേകിച്ചും. ഭൌതികമായി ധാതുക്കളേയും മററും വിവരിച്ചുകൂടെന്നില്ല. എന്നാൽ ചികിത്സയെ സംബന്ധിച്ചു ദോഷജ്ഞാനംകൊണ്ടു സാധിക്കാവുന്നതിൽ കൂടുതൽ പ്രയോജനം, അതുകൊണ്ടുണ്ടാവാനുണ്ടെന്ന് തോന്നുന്നില്ല. ചില ദിക്കിൽ ചില വിശേഷജ്ഞാനത്തിന്നു സഹായിച്ചുകൂട എന്നില്ല എന്നു മാത്രം. ●

# നിദാനത്തിൽ പുതിയ ആഗന്തുകങ്ങൾ

## ആയുർവ്വേദാചാര്യ കെ. കുഞ്ഞുരാമൻ വൈദ്യൻ

അഞ്ചു മാസം മാത്രം പ്രായമുള്ള ഒരു ശിശു—മഹേശ്വരി. ശരീരം മുഴുവനും മുഖത്തും ഇടതൂർന്ന വിസർപ്പവ്രണങ്ങളും സർവ്വാംഗശോഫവും ശക്തമായ ജ്വരോഷ്മാവും. ഈയിടെ ചികിത്സിക്കാനിടയായ ഒരു രോഗമാണ്. കഴുത്തിനടിയിലും കഴുത്തിനു ചുററും അഴുകിയിട്ടുണ്ട്. വംക്ഷണ സന്ധിയും, കക്ഷവും, സന്ധികളിലെ എല്ലാ ഞൊറിവുകളും ചുവന്നും അഴുകിയും കാണപ്പെട്ടു. ശിശുക്കളിൽ വിസർപ്പഭേദങ്ങൾ സാധാരണമാണെങ്കിലും ഇത്രയും ബീഭത്സമായ ഒരവസ്ഥ ഇതാദ്യമായാണു കാണുന്നത്. കഴുത്തും കൈകാലുകളും അനക്കാൻപോലും കഴിയാത്ത വണ്ണം കുട്ടി ഒരേ കിടപ്പാണ്. മുതുകിലേയും മററും വ്രണങ്ങൾകൊണ്ട് കിടക്കുവാനും പ്രയാസം. അല്പം ശ്വാസംമുട്ടലും ഞരക്കവും ഉണ്ട്. കണ്ണുകളിൽ മാത്രം ഈ ദീനതയൊന്നും നിഴലിക്കുന്നില്ല. എന്താണു കരണീയം? ഈ ശിശുവിന് ഇത്രയും കഠിനമായ രോഗം എങ്ങനെയുണ്ടായി? കുട്ടിക്കു ഗുളികകളോ, ഇൻജക്ഷനോ ഈയിടെ കൊടുത്തിട്ടുണ്ടോ? ഞാൻ അന്വേഷിച്ചു. തള്ളയാണെങ്കിൽ ആരോഗ്യമുള്ള ഒരു യുവതി! രോഗത്തിന്റെ ചരിത്രം അവർ വിവരിച്ചു. ഒന്നൊന്നര മാസം മുൻപ് കഴുത്തിലും കക്ഷങ്ങളിലും കാലിന്റെ ഇടുക്കുകളിലും ചുവപ്പും അഴുകലും പ്രത്യക്ഷപ്പെട്ടു. പട്ടണത്തിലെ ഏററവും പ്രശസ്തനായ ഒരു ശിശുരോഗവിദഗ്ദ്ധന്റെ ചികിത്സ ചെയ്തു. ഏതാനും ദിവസങ്ങൾക്കകംതന്നെ കുട്ടിയുടെ ശരീരമാകെ ചുവന്നു തടിക്കുകയും പിന്നെ അവിടമെല്ലാം പൊള്ളലും വ്രണവും ഉണ്ടാവുകയും ചെയ്തു. വ്രണങ്ങളിൽ നിന്നും പഴുപ്പു കലർന്ന നേർത്ത സ്രവണവും. ശിശുരോഗവിദഗ്ദ്ധന്റെ ചികിത്സ പിന്നെയും തുടർന്നെങ്കിലും കുട്ടിയുടെ രോഗം അടിക്കടി വർദ്ധിച്ചതിനാലാണ് ഇനി ആയുർവ്വേദം പരീക്ഷിക്കാമെന്നു തീരുമാനിച്ചത്.

കുട്ടിക്കു നല്കപ്പെട്ട ശക്തിയേറിയ ഔഷധങ്ങളുടെ പ്രതികരണമാണ് ഈ കാണുന്നതെല്ലാം—ഞാൻ തീരുമാനിച്ചു. അവരോടു പറഞ്ഞില്ല. അവർക്കു വളരെ വിശ്വാസവും ബഹുമാനവുമുള്ള ഒരു ശിശുരോഗവിദഗ്ദ്ധൻ.

ശോധനവും രോപണവുമായ ചികിത്സാക്രമം നിർദ്ദേശിച്ചു. അമൃതവല്ലി—ത്രായന്ത്യാദി—പുനർന്നവാദി—പടോലാദി ഗണകഷായങ്ങൾ, ഗോപീചന്ദനാദി—ധാന്വന്തരംഗുളികകൾ, യഷ്ടീമധുസ്നുഹിചൂർണ്ണം ഇവ. ശിശുവാണല്ലോ — കഷായങ്ങളും മററും കുടിപ്പിക്കുവാൻ പ്രയാസം. ഗത്യന്തരമില്ലാത്തതുകൊണ്ട് യഥേഷ്ടം തേൻ ചേർത്ത് എല്ലാം നല്കപ്പെട്ടു. രണ്ടുമൂന്നു മാസംകൊണ്ട് എല്ലാം ശമിച്ചു. കുട്ടിക്ക് സുവർണ്ണപ്രഭമായ വർണ്ണവും തിരികെക്കിട്ടി. ഈ ചികിത്സാനുഭവം വിവരിക്കുകയല്ല, ഇവിടെ ഉദ്ദേശ്യം. കുട്ടിയുടെ രോഗനിർണ്ണ

യത്തിൽ ശ്രദ്ധേയമായിരുന്ന പുതിയ നിദാനം സൂചിപ്പിക്കുക എന്നതാണ്. ഇക്കാലത്ത് ചികിത്സക്കു സമീപിക്കുന്ന മിക്ക രോഗികളോടും ചോദിക്കേണ്ടിയിരിക്കുന്നു—''ഈയിടെ ഗുളികയോ മറ്റോ കഴിച്ചോ'' എന്ന്. മിക്കവരും അലോപ്പതി ചികിത്സ കഴിഞ്ഞു വരുന്നവരാണ്. വിശേഷിച്ചും വിവിധരൂപത്തിലുള്ള ചർമ്മരോഗങ്ങൾ, ആസ്യഗുദപാകം, അമ്ലകം എന്നിങ്ങനെ ഔഷധങ്ങളുടെ പ്രത്യാഘാതങ്ങൾകൊണ്ടുണ്ടായ രോഗങ്ങൾ ധാരാളമായിരിക്കുന്നു. ഇത്തരം ഔഷധജന്യങ്ങളായ രോഗങ്ങൾ സദ്യോരോഗമായോ, സ്ഥായീരോഗമായോ രണ്ടു വിധത്തിൽ കാണപ്പെടാറുണ്ട്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ആശുകാരിയും ചിരകാരിയും. ഔഷധങ്ങളുടെ അലർജി കൊണ്ടാണെങ്കിൽ അവ ആദ്യത്തെ വിഭാഗത്തിൽ പെടുന്ന താല്ക്കാലിക രോഗങ്ങളായിരിക്കും. ചർമ്മത്തിലാണു പ്രതികരിക്കുന്നതെങ്കിൽ അസാത്മ്യജങ്ങൾ-ചൊറിഞ്ഞു തടിപ്പും നീരിളക്കവും മറ്റും (ശീതപിത്തം പോലെ) പെട്ടെന്നുണ്ടാവുകയും ദിവസങ്ങൾക്കകം ശമിക്കുകയും ചെയ്യുന്നു. ചില പ്പോൾ കാര്യമായ ചികിത്സയൊന്നും കൂടാതെ ശമിക്കാറുമുണ്ട്. എന്നാൽ പെട്ടെന്നിങ്ങനെയെല്ലാമുള്ള രോഗലക്ഷണങ്ങളുമായി നമ്മെ സമീപിക്കുന്ന ഒരു രോഗിക്ക് ചികിത്സിക്കുവാൻ തുടങ്ങുമ്പോൾ ആഗന്തുകമായ ആ നിദാനം കൂടി അന്വേഷണവിധേയമാക്കേണ്ടതുണ്ട്.

ഇനി ചിരകാരികളായ പ്രതികരണങ്ങൾ—ഉഗ്രവീര്യങ്ങളായ ഔഷധങ്ങളുടെ (ആൻറി ബയോട്ടിക്കുകളും മറ്റും) ദീർഘകാലോപയോഗം കൊണ്ടുണ്ടാകുന്നവയാണ്. ചർമ്മത്തിലാണെങ്കിൽ കുഷ്ഠത്തിൻേറയോ, ഫിരംഗത്തിൻേറയോ രോഗലക്ഷണങ്ങൾ തന്നെ കാണപ്പെടാറുണ്ട്. ദുസ്സാദ്ധ്യങ്ങളായ രോഗങ്ങൾ! ഛർദ്ദ്യതിസാരങ്ങൾ മുതലായവയാണ് തല്ക്കാലികങ്ങൾ. എന്നാൽ ക്ലോറോഫൈനിക്കോൾ, കോർട്ടിസോൺ പോലെയുള്ള ശക്തങ്ങളായ ഔഷധങ്ങൾ രക്തപരിശോധന കൂടാതെ ദീർഘകാലം നല്കപ്പെട്ടാൽ യകൃത്തിനും വൃക്കകൾക്കുമൊക്കെയാണ് സ്ഥായിയായ വൈകൃതവും പ്രവർത്തനവൈകല്യവും സംഭവിക്കുന്നത്. അനന്തരഫലമോ മാരകങ്ങളായ രോഗങ്ങളും. ദോഷദൂഷ്യനിർണ്ണയംകൊണ്ട് ഇവയും ഫലപ്രദമായി ചികിത്സിക്കാമെങ്കിലും, പ്രത്യേകമായ—ആഗന്തുകമായ—ആ രോഗനിദാനം അറിഞ്ഞിരിക്കുന്നതു് പ്രയോജനകരമായിരിക്കും. ഇത്തരം ഔഷധജന്യങ്ങളായ രോഗങ്ങളെ ആയുർവ്വേദം ആഗന്തുകവിഭാഗത്തിലാണല്ലൊ ഉൾപ്പെടുത്തിയിട്ടുള്ളതു്.

''ആഗന്തുരഭിഘാതാഭിഷംഗ
ശാപാഭിചാരത:
ചതുർദ്ധാ—''
''ഗ്രഹാവേശൗഷധി വിഷക്രോധ
ഭീശോകകാമജഃ
അഭിഷംഗാത്.''

അങ്ങനെ അഭിഷംഗവശാൽ സംഭവിക്കുന്ന ആഗന്തുകരോഗങ്ങളിൽ ഒരു വക ഔഷധിജന്യമാണെന്നോർക്കുക. പണ്ടൊക്കെ അത്തരം രോഗങ്ങൾ വിരളമായിരുന്നു. ഇന്നാകട്ടെ അവ സാർവത്രികവും സാർവജനീനവുമാണെന്നു പറയാം. പ്രത്യാഘാതബഹുളങ്ങളായ ആധുനികൗഷധങ്ങൾ വിവേചനം കൂടാതെ ഉപയോഗപ്പെടുത്തുന്നതുകൊണ്ടുള്ള ദേശീയവിപത്താണിത്. സാധാരണ ചികിത്സകൻ ഈ വിഷയത്തിൽ പ്രതിബോധവാനായിരിക്കണം. നിദാനാന്വേഷണം നടത്തുമ്പോൾ ഈ വഴിക്കും ജാഗ്രൂകരായിരിക്കണം.

ഔഷധജന്യമല്ലെങ്കിലും ആധുനാതനമായ മറ്റൊരാഗന്തുകനിദാനം സ്ത്രീകളെ സംബന്ധിച്ചിടത്തോളം സാധാരണമായിരിക്കുന്നു. അകാലത്തിൽ ഗർഭാശയം ശസ്ത്രക്രിയകൊണ്ടു നീക്കം ചെയ്യപ്പെട്ട സ്ത്രീകളാണ് ഈ വിഭാഗത്തിലെ ദുഃഖപുത്രിമാർ. പുഷ്കലമായ യൗവനത്തിൽ തന്നെ ഗർഭാശയം നീക്കം ചെയ്യപ്പെടുക ഇന്നു ലാഘവബുദ്ധിയോടെ നിർവ്വഹിക്കപ്പെടുന്നുണ്ട്. നിസ്സാരമായ ഒരു രക്തസ്രാവമോ,

പൂയസ്രാവമോ ആയി സമീപിക്കുന്ന യുവതികളും ഈ നിർദ്ദയമായ ചികിത്സയ്ക്കു വിധേയരാവാറുണ്ട്. ഒന്നോ രണ്ടോ പ്രസവം കഴിഞ്ഞിട്ടുണ്ടെങ്കിൽ പിന്നെ അവധിയില്ല. ''ഗർഭാശയം എടുത്തുകളയാം. ആവശ്യത്തിന്നു കുട്ടികളുണ്ടല്ലോ. ഇനിയെന്തിനാണത്''—ഇതാണ് ശസ്ത്രവിദഗ്ധരുടെ സമീപനം. എന്നാൽ സ്ത്രീശരീരത്തിൻെറ സർവ്വതോമുഖമായ ആരോഗ്യവും ഭദ്രതയും ഈ പ്രായത്തിൽ ഗർഭാശയാശ്രിതമാണെന്ന വസ്തുത പരക്കെ വിസ്മരിക്കപ്പെടുകയാണ്. ഫലമോ, അതിനെ തുടർന്നു ആരോഗ്യവും ഓജസ്സും നഷ്ടപ്പെട്ട് അകാലവാർദ്ധക്യത്തിൽ പെടുകയും. ഇത്തരം യുവതികൾക്ക് എന്തെന്തു രോഗങ്ങളാണെന്ന വിവരിക്കുവാൻ അവരവർക്കുതന്നെ കഴിയാതെ പോകുന്നു. ഒരിക്കൽ ഒന്നെങ്കിൽ ദിവസങ്ങൾക്കകം മറെറാന്ന് എന്ന വിധത്തിൽ രോഗങ്ങളുടെ ഒരു തുടക്കഥയാണ് പിന്നെ. സന്ധിവേദന, ത്രികപൃഷ്ഠകടീഗ്രഹം, വായുവൈഗുണ്യം, തജ്ജന്യമായ മററനേകം കോഷ്ഠരോഗങ്ങൾ അങ്ങനെയങ്ങനെ എത്ര രോഗങ്ങൾ! രോഗിണി നല്ലുന്ന രോഗലക്ഷണങ്ങളിൽക്കൂടി രോഗനിർണ്ണയം ദുസ്സാദ്ധ്യമായിക്കണ്ടാൽ അവരോട് ഒന്നു് ചോദിക്കുക. ''ആർത്തവം എങ്ങിനെയുണ്ട്?''. അപ്പോഴായിരിക്കും അറിയിക്കുക. ''അതു നീക്കംചെയ്തിട്ട വർഷങ്ങളായി. ആ വക ശല്യങ്ങളൊന്നുമില്ല'' അതിൽനിന്നും ഉണ്ടായ ശല്യങ്ങളാണീ അസ്വാസ്ഥ്യങ്ങളെല്ലാമെന്ന വസ്തുത പാവം രോഗിണി അറിയാതിരിക്കട്ടെ. ഇനി അറിയിച്ചിട്ടെന്തു കാര്യം. ദോഷൗഷധനിരൂപണം ചെയ്തു ചികിത്സിക്കുകയല്ലേ വേണ്ടൂ.

ഈയിടെ ഉണ്ടായ ഒരു ചികിത്സാനുഭവം പ്രത്യേകം പ്രസ്താവ്യമാണ്. രോഗിണിയുടെ പ്രായം 35 വയസ്സ്. അദ്ധ്യാപിക. ആകെ സ്ഥൂലിച്ച—അസാമാന്യമായി സ്ഥൂലിച്ച—ശരീരം. രോഗമാണെങ്കിൽ സന്ധിവേദനയും കഴപ്പും പെരുപ്പും കടീഗ്രഹവുമൊക്കെത്തന്നെ. എന്നാൽ ഒരു പ്രത്യേകത. യൗവ്വനം അതിക്രമിച്ചിട്ടില്ലാത്ത ആ സ്ത്രീയുടെ മുഖത്തു പരക്കെ മീശരോമങ്ങൾ. അവയവങ്ങളിൽ വിശേഷിച്ചും ഹസ്തപാദങ്ങളിൽ ദൃഢസ്ഥിരമായ മാംസപേശികൾ. മുഖത്തും സ്ത്രീത്വമില്ല. പുരുഷത്വം തന്നെ. ''എൻെറ ശരീരം ഒന്നു ഒതുങ്ങിക്കിട്ടണം. പിന്നെ മുഖത്തെ ഈ വൃത്തികെട്ട രോമങ്ങളും''. ''ഇതെല്ലാം എങ്ങിനെയുണ്ടായി? കുട്ടികളെത്രയുണ്ട്? ഇളയ കുട്ടിയുടെ പ്രായം?'' എനിയ്ക്കു് ആശ്ചര്യവും ഉത്കണ്ഠയും മറയ്ക്കുവാനായില്ല. ''കുട്ടി ഒന്നേയുള്ളു. അതാ നിൽക്കുന്നു.'' അവർ പറഞ്ഞു ഒരു പന്ത്രണ്ടുവയസ്സുകാരൻ. ''പിന്നെ പ്രസവിച്ചിട്ടില്ലേ?'' ഞാൻ ചോദിച്ചു. ''അവനെ പ്രസവിച്ചതിനു ശേഷം 2 വർഷം കഴിഞ്ഞപ്പോൾ ഗർഭപാത്രം എടുത്തുകളഞ്ഞു'' അവർ പറഞ്ഞു. ''എന്തിന്? കാൻസറോ മറേറാ'' ''ഹേയ്''—എൻെറ ചോദ്യം മുഴമിക്കുന്നതിന്നു മുമ്പ് അവർ ''രക്തം പോക്കുമാത്രം'' പിന്നെ ക്രമേണ ശരീരത്തിൻെറ വിചിത്രമായ ഈ പരിവർത്തനങ്ങൾ കൊണ്ട് ലിംഗപരിവർത്തനം ഭയന്ന അവർ വെല്ലൂർ മെഡിക്കൽ കോളേജിൽ വിദഗ്ധപരിശോധനയ്ക്കു പോയത്രേ. അങ്ങനെ പത്തുപന്ത്രണ്ടു വർഷത്തെ ചരിത്രം.

അത്രത്തോളം ആപത്കരമല്ലെങ്കിലും യൗവ്വനാരംഭത്തിൽത്തന്നെ ഗർഭനിരോധന ശസ്ത്രക്രിയയ്ക്കു വിധേയരാകുന്ന വനിതകളും മറെറാരു തരത്തിൽ രോഗബാധിതരാകാറുണ്ട്. അത്തരക്കാരിൽ സാധാരണ കാണപ്പെടാറുള്ള ഒരു പ്രത്യേകതയാണ് ''മാസത്തിൽ രണ്ടുതവണ കുളി'' അണ്ഡവിസർജ്ജനവേളയിലും (Ovulation)രക്തസ്രുതിയുണ്ടാവുകയാണ് സംഭവം. ആ പ്രത്യേകതയില്ലാത്തവർക്കാകട്ടെ മററുവിധത്തിലാണ് ഗർഭനിരോധനത്തിൻെറ പ്രത്യാഘാതം പ്രകടമാകുന്നതു്. അണ്ഡവിസർജ്ജനകാലത്തെ തുടർന്നുള്ള പലവക അസ്വാസ്ഥ്യങ്ങൾ അങ്ങനെ. എന്നാൽ അടുത്ത ഒരു 'കുട്ടിക്കാലം' പതിവുപോലെ സമാഗതമാകുമ്പോഴാണ് നിരുദ്ധഗർഭ്യ്ക്കു കുറെക്കൂടി ഗുരുതരങ്ങളായ വായുവികാരങ്ങളുണ്ടാകുന്നത്. ഏതായാലും ഈ വക നിദാനങ്ങളും രോഗനിർണ്ണയത്തിൽ അവശ്യം പരിഗണിക്കേണ്ടവ തന്നെ. ●

# ധന്വന്തരി – ഒരനുസ്മരണം

## ഡോക്ടർ എൻ. ശ്രീധരൻ

'ധന്വന്തരി' എന്ന പേരിൽ ആര്യവൈദ്യശാലയുടെ നേതൃത്വത്തിൽ ഒരായുർവേദ ശാസ്ത്രമാസിക വളരെക്കാലം പ്രസിദ്ധീകരിച്ചിരുന്നത് സുവിദിതമാണല്ലൊ. 'ആര്യവൈദ്യൻ' എന്ന പേരിൽ വീണ്ടും ഒരു ആയുർവേദത്രൈമാസികം പ്രസിദ്ധീകരിക്കുന്നു എന്ന വാർത്ത വായിച്ചപ്പോഴം ''കാവ്യം സുഗേയം കഥ രാഘവീയം'' എന്നു തുടങ്ങുന്ന പദ്യമാണ് ഓർമ്മയിൽ ഓടിയെത്തിയത്. ലേഖനം ആവശ്യപ്പെട്ടുകൊണ്ടുള്ളതാണ് ആദരണീയനായ ശ്രീമാൻ പി. കെ. വാരിയരുടെ കത്ത്. ഈ പുതിയ പ്രസിദ്ധീകരണത്തിലേക്കുള്ള ആദ്യലേഖനം പഴയ സ്മരണ പുലർത്തിക്കൊണ്ട് ധന്വന്തരിയെക്കുറിച്ചുതന്നെയാകട്ടെ! ആയുർവേദവും ധന്വന്തരിയും തമ്മിലുള്ള ബന്ധം അത്രമാത്രം സ്വാഭാവികവും അഭേദ്യവുമാണല്ലോ!

''ആയുർവേദസ്വരൂപായ
നമസ്തേ ജഗദാത്മനേ''

എന്നാണല്ലോ പുരാണകാരൻ ധന്വന്തരിയെ അനുസ്മരിച്ചിരിക്കുന്നത്. അതെ! ആയുർവേദത്തിൻെറ അധിദേവതയാണ് ഭഗവാൻ ധന്വന്തരി.

ആയുർവേദത്തിൻെറ ഉപജ്ഞാതാവെന്ന നിലയിലല്ല, ആയുർവേദത്തിൻെറ ഉദ്ധാരകനെന്ന നിലയിലാണ് ധന്വന്തരിയെ ആയുർവേദത്തിൻെറ അധിദേവതയായി കരുതുന്നത്.

ധന്വന്തരിയുടെ അവതാരകഥ ഗാരുഡപുരാണത്തിലാണ് വിവരിക്കുന്നത്. സർവ ലോകമംഗളം ഉദ്ദേശിച്ച് നിരന്തരം ഭൂർഭുവഃ സ്വർല്ലോകങ്ങളിൽ പര്യടനം നടത്തിക്കൊണ്ടിരുന്ന നാരദൻ ഒരിക്കൽ തൻെറ യാത്രക്കിടയിൽ ഭൂമിയിലെ ജനങ്ങളിൽ ഏറിയ പങ്കും പലതരം രോഗങ്ങളാൽ കഷ്ടപ്പെടുന്നതായി കണ്ടു. ഇതിൽ ഹൃദയം നൊന്തു ഇതിന്നു പരിഹാരം തേടി ഇന്ദ്രനെ അന്വേഷിച്ച് ദേവലോകത്തു ചെന്നപ്പോഴം അവിടെ ഇന്ദ്രൻ തുടങ്ങിയ ദേവന്മാർക്കും രോഗം പിടിപെട്ടിരിക്കുന്നുവെന്ന ദുഃഖസത്യം വെളിപ്പെട്ടു. താൻ കണ്ട കാഴ്ചയെ നാരദൻ പിന്നീട് വിവരിക്കുന്നതു്!–

''പരിഭ്രാന്താ മയാ സർവേ
ലോകാ ഭൂരാദികാഃ ക്രമാത്.
തത്രത്യാശ്ച ജനാഃ സർവേ
ദൃഷ്ടാ രോഗപ്രപീഡിതാഃ''

എന്നാണ്.

ഭൂലോകവാസികൾ മാത്രമല്ല, സർവ ലോകവാസികളും രോഗത്തിൻെറ ആക്രമണത്തിന്ന് അധീനരായിത്തീർന്നുപോയി.

ആയുർവേദോത്പത്തിയെക്കുറിച്ച് ചരകൻ പറയുന്നത് ഭൂമിയിൽ ആദ്യമായി ആയുർവേദം പഠിച്ചത് ഭരദ്വാജനാണെന്നാണ്. ഭരദ്വാജൻ പഠിച്ചതോ ദേവേ

ന്ദ്രനിൽനിന്നും. സുശ്രുതമതമനുസരിച്ച് ഭൂലോകത്തിൽ ആദ്യമായി ആയുർവേദം പഠിച്ചതു ദിവോദാസനാണ്. ധന്വന്തരി തന്നെയാണ് ദിവോദാസൻ. ദിവോദാസനേയും ആയുർവേദം പഠിപ്പിച്ചതു ഇന്ദ്രൻ തന്നെയാണ്. മറ്റൊരു തരത്തിൽ പറഞ്ഞാൽ കായചികിത്സ (General Medicine) ശല്യചികിത്സ (Surgery) എന്ന ആയുർവേദചികിത്സയുടെ രണ്ടു പ്രധാന വിഭാഗങ്ങളെയെടുത്താൽ ഈ രണ്ടു വിഭാഗത്തിലും ഒരുപോലെ പ്രാവീണ്യമുള്ള ഒരേ ഒരാൾ ദേവേന്ദ്രനായിരുന്നുവെന്നും ഇന്ദ്രനിൽനിന്നും കായചികിത്സാപ്രധാനമായ ആയുർവേദവിഭാഗം ഭരദ്വാജനും, ശല്യചികിത്സാ പ്രധാനമായ ആയുർവേദവിഭാഗം ദിവോദാസനും പഠിച്ചുവെന്നും ഈ ഐതിഹ്യത്തിന്ന് അഥവാ പുരാണകഥയ്ക്ക് അർത്ഥം ഗ്രഹിക്കണം. പക്ഷേ നാരദൻ സ്വർല്ലോകത്തു ചെന്നുനോക്കിയപ്പോൾ സമഗ്രായുർവേദത്തിന്റെ ഈ അഗ്രിമാചാര്യന്റെ അവസ്ഥ എന്തായിരുന്നു.

''തത്രാപി ദൃഷ്ട്വാ ശക്രാദീൻ
നാനാരോഗസമന്വിതാൻ''

ഇതായിരുന്നു ദേവേന്ദ്രന്റേയും അനുയായികളുടേയും പരിതാപകരമായ നില.
''ശാസ്ത്രം ഗ്രഹിച്ചതുകൊണ്ടു ഫലം വരാ
ശാസ്ത്രാർത്ഥമാചരിച്ചാലേ ഫലം വരൂ''
എന്ന ഗുണപാഠമാണ് ഇവിടെ വെളിപ്പെടുത്തുന്നത്.

ഇങ്ങിനെ മനുഷ്യരേയും, ദേവന്മാരേയും ഒന്നുപോലെ രോഗപീഡിതരായി കണ്ടിട്ടു നാരദൻ വല്ലാതെ വേദനിച്ചു. ആ വേദന

''അഹോ കഥമിമേ ലോകാ
നീരോഗാഃ സ്യുഃ സുഹർഷിതാഃ''

എന്ന ചിന്തയിലേക്ക് നയിച്ചു. ''ഇവരെ—ഈ മനുഷ്യരേയും, ദേവന്മാരേയും— രോഗവിമുക്തരും സന്തുഷ്ടരും ആക്കാൻ എങ്ങിനെ സാദ്ധ്യമാകും?'' എന്നാണ് നാരദമഹർഷി മനസ്സിനൊന്താലോചിച്ചതു്. ആ ചിന്ത നാരദന്റെ നിത്യാശ്രയമായ നാരായണനിലേക്ക് ഇഴഞ്ഞുചെന്നു.

''ഇതി ചിന്താക്രാന്തചിത്തോ
വൈകുണ്ഠം സമുപാഗമത്''

അങ്ങിനെ ചിന്താക്രാന്തചിത്തനായി വൈകുണ്ഠത്തിലെത്തി മഹാവിഷ്ണുവിനെ കണ്ടു. മഹാവിഷ്ണുവിനെ സാധാരണ ''ശംഖം ചക്രം ഗദാപങ്കജമിവ വിലസൽ നാലു തൃക്കൈകളോടു''കൂടിയാണ് കാണുക. സ്വന്തം രോഗശമനത്തിലുള്ള ഉത്കടമായ ആവേശം മൂലം എരിപൊരിക്കൊണ്ടു മേല്പത്തൂർ പോലും ''രാജത് കംബുഗദാരിപങ്കജധര ശ്രീമദ്ഭുജാമണ്ഡല'' നായാണ് വിഷ്ണുവിനെ കാണുന്നതു്. ഭൂർഭുവഃസ്വർല്ലോകങ്ങളെയെല്ലാം കടന്നാക്രമിച്ചു കഷ്ടത്തിലാക്കിയ രോഗങ്ങളുടെ നീരാളിപ്പിടുത്തത്തിൽനിന്നും ഭുവനത്രയത്തെ രക്ഷിക്കാനുള്ള ഉൽക്കണ്ഠയോടെ ചിന്താക്രാന്തചിത്തനായി വൈകുണ്ഠത്തിൽ പാഞ്ഞെത്തിയ നാരദൻ കണ്ടതോ ''ശംഖചക്രസുധാപാത്രാ്ഭയഹസ്തു''നായ മഹാവിഷ്ണുവിനെയായിരുന്നു. ഈ സന്ദർഭത്തിൽ മഹാവിഷ്ണു ''സുധാ പാത്രാഭയ'' ഹസ്തനായി പ്രത്യക്ഷപ്പെട്ടതിന്റെ ഔചിത്യം ആലോചനാമൃതമാണ്. ഈ ദർശനം നാരദനിൽ അമിതമായ ആശ്വാസം പകർന്നു. നാരദൻ സങ്കടമുണർത്തിച്ചു.

ഭൂലോകത്തിലും, സ്വർല്ലോകത്തിലും പതിവുപോലുള്ള സഞ്ചാരത്തിനിടയിൽ ''തത്രത്യാശ്ച ജനാ ദൃഷ്ട്വാ നാനാവ്യാധി സമന്വിതാഃ''. ഈ നാനാ വ്യാധികൾ പ്രധാനമായും:—

''ജ്വരേണ കേചിന്നിഹതാഃ
യക്ഷ്മണാ കേചിദാശ്രിതാഃ
അതിസാര ശ്വാസകാസ
ഗ്രഹണീ പാണ്ഡുപീഡിതാഃ
വാതരോഗേണ ചാക്രാന്താഃ
പാമാ വിസ്ഫോടദൂഷിതാഃ
ഗ്രന്ഥികാദി മഹാസന്നി—
പാതമേഹാദിദൂഷിതാഃ''

എന്നിവയായിരുന്നു.

ആന്തരവും ബാഹ്യവുമായ അംഗപ്രത്യംഗങ്ങളെ ആശ്രയിച്ചുണ്ടാകാവുന്ന

മിക്കവാറും എല്ലാ രോഗങ്ങളും ഇവിടെ പരാമർശിക്കപ്പെടുകയും, ഇവയിൽനിന്നെല്ലാം മനുഷ്യരേയും ദേവന്മാരേയും രക്ഷിക്കണമെന്ന് അപേക്ഷിക്കുകയും ചെയ്യുന്ന നാരദന്റെ പരിദേവനം കേട്ട് മനസ്സലിഞ്ഞ മഹാവിഷ്ണു ഇക്കാര്യത്തിൽ വേണ്ടതെല്ലാം ചെയ്യാം. ഒട്ടുംതന്നെ പേടിക്കേണ്ടതില്ല എന്നു പറഞ്ഞാശ്വസിപ്പിക്കുന്നു.

''സമാശ്വസിഹി! ഭദ്രം തേ!
മാ ഭീഃ കാര്യാ മുനേ! ത്വയാ''

എന്ന്, എങ്ങിനെ ചെയ്യാമെന്നു തുടർന്നു പറയുന്നു.

''അഹം ധന്വന്തരിർഭൂത്വാ
ചാഽധിഗമ്യ മരുത്വതഃ
ആയുർവേദം കരിഷ്യാമി
സർവാൻ ലോകാൻ നിരാമയാൻ.

ഞാൻ ധന്വന്തരിയായിട്ടു അവതാരമെടുക്കാം. എന്നിട്ടു ഇന്ദ്രനിൽ നിന്നും ആയുർവേദം സമഗ്രമായഭ്യസിക്കാം. പിന്നീട് മനുഷ്യരേയും ദേവന്മാരേയും എല്ലാം രോഗവിമുക്തരാക്കാം. ദേവന്മാർ നേരത്തേ തന്നെ ആവലാതി ബോധിപ്പിച്ചിട്ടുണ്ട്. അതനുസരിച്ച് വാരാണസിയിൽ കാശിരാജവംശത്തിൽ ദിവോദാസൻ എന്ന പേരിലായിരിക്കും ഞാൻ അവതരിക്കുന്നത്. ഞാൻ ധന്വന്തരിയായിട്ടവതരിക്കുന്ന ദിവസവും സമയവും കൂടെപ്പറയാം. അടുത്ത അശ്വിനിമാസത്തിൽ കറുത്തപക്ഷത്തിലെ ത്രയോദശി (തുലാമാസത്തിൽ ദീപാവലിക്ക് തൊട്ടുമുൻപുള്ള ത്രയോദശി)യും, ഗുരുവാരവും, ചതയം നക്ഷത്രവും കൂടിയ ദിവസം രാത്രി ഒന്നാം യാമത്തിൽ ഞാൻ ധന്വന്തരിയായി ജന്മമെടുക്കും. ഇതിനു മുൻപും ഇതേ മുഹൂർത്തത്തിലാണല്ലൊ ധന്വന്തരിയുടെ രൂപത്തിൽ ഞാൻ ഭൂമിയിലവതരിച്ചിട്ടുള്ളത്.

''ആശ്വിനേ കൃഷ്ണപക്ഷേ തു
ത്രയോദശ്യാം ഗുരോർദിനേ
ശതതാരർക്ഷസംയുക്തേ
യാമേ പ്രാഥമികേ നിശി
ധന്വന്തര്യാഖ്യയാ ചാഽഹം
ധനഗുപ്തവിമുക്തയേ
അവതീർണ്ണഃ''

''അതു, അന്നു അവന്തിരാജാവായിരുന്ന ധനഗുപ്തനേയും കുടുംബത്തേയും മഹാരോഗങ്ങളിൽനിന്നും രക്ഷിക്കാനായിരുന്നു, ആശ്വിനമാസത്തിലെ കൃഷ്ണത്രയോദശിയെയാണ് ധന്വന്തരിയായവതരിക്കാൻ ഞാനെന്നും തിരഞ്ഞെടുക്കുക. ആദ്യമായി ഈ അവതാരം കൈക്കൊണ്ടത് ധനഗുപ്തനുവേണ്ടിയായതുകൊണ്ട് ഈ തിഥിയെ ധനത്രയോദശി എന്നു പറയും. സർവകാമദായിനിയാണ് ഈ തിഥി . അതുകൊണ്ട് ഈ ദിനത്തിൽ എന്നെ പൂജിക്കുന്നതുകൊണ്ട് സിദ്ധിക്കുന്ന ഫലം അക്ഷയമായിരിക്കും.

''യതസ്തസ്മാത് സാ തിഥിഃ
സർവകാമദാ
ധനത്രയോദശീ ചേതി
ഭൂമൗ പ്രഖ്യാതിമേഷ്യതി.
തസ്മിൻ ദിനേ കൃതം പൂജാവിധാനം
ത്വക്ഷയം ഭവേത്.''

ഈ പൂജാവിധാനം വ്യക്തമായി വിവരിക്കുന്ന ''ധന്വന്തരിപൂജാവിധി'' എന്ന ഒരു പുസ്തകം കണ്ണൂർ ശ്രീസദൻ ഔഷധശാല പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയുർവേദവിദ്യാർത്ഥികൾക്ക് ഈ പൂജാവിധി മനസ്സിലാക്കിക്കൊടുക്കുകയും ഇതിന്റെ അധീതിബോധാചരണങ്ങളിൽ അവരെ തല്പരരാക്കുകയും ചെയ്യുന്നത് ആയുർവേദോദ്ധരണത്തിന്ന് സഹായകമാവും.

ചന്ദ്രനെപ്പോലെ കലാപൂർണനായിരിക്കണം വൈദ്യനും എന്നാണ് ആയുർവേദം അനുശാസിക്കുന്നത്. രണ്ടുപേരും ഓഷധീശന്മാരാണല്ലോ. ആയുർവേദവൈദ്യന് പൂർണ്ണത നേടാനാവശ്യമായ ആ പതിനാറു കലകൾ:

1) തീർത്ഥാത്തശാസ്ത്രതാ
2) അഭ്യസ്തകർമ്മതാ
3) കർമ്മദക്ഷതാ
4) ശുചിത്വം
5) ഊഹനൈപുണ്യം
6) സദ്ഭൃത്യത്വം
7) ദയാലുത്വം
8) സിദ്ധൗഷധസമർത്ഥത്വം

9) അലോഭം
10) ജനവശ്യതാ
11) രോഗിഷു സ്ഥിരത
12) സഹിഷ്ണുതാ
13) ധൈര്യം
14) ഔചിത്യം
15) ഉത്സാഹം
16) ദൈവപ്രാമാണ്യം എന്നിവയാണ്.

''കലാഭിരാഭിഃ സമ്പൂർണ്ണോ
നിത്യം ഓഷധിനായകഃ
ഈശ്വരൈഃ ശിരസാ മാന്യഃ
കീർത്തിജ്യോത്സ്നാ വിരാജിതഃ''

മുകളിൽ പറഞ്ഞ ഷോഡശകലാസമ്പൂർണ്ണനായ ഓഷധിനായകൻ—വൈദ്യൻ—അധികാരികളാൽ തലകുനിച്ചാദരിക്കപ്പെടുന്നവനും നാലു ദിക്കിലും വ്യാപിച്ച കീർത്തിയാകുന്ന ജ്യോത്സ്നകൊണ്ടു വിരാജിക്കുന്നവനുമായിരിക്കും. ഇതിൽ ഒടുവിലത്തേതായ ''ദൈവപ്രാമാണ്യം'' നേടുന്നതിനുവേണ്ടിയാണ് ചികിത്സകനെ സംബന്ധിച്ചേടത്തോളം പ്രധാനമായും ധന്വന്തരീപൂജാവിധിയും മററും നിർദ്ദേശിച്ചിരിക്കുന്നത്. ദൈവാധീനം, കൈപ്പുണ്യം, അമൃതഹസ്തത എന്നൊക്കെപ്പറയുന്ന ഈ ഗുണം ഇല്ലെങ്കിൽ മററു കഴിവുകളൊന്നും വേണ്ടത്ര ശോഭിക്കുകയില്ലെന്നുള്ളതു തീർച്ചയാണ്.

ഇക്കാര്യം വെളിപ്പെടുത്തുന്ന അനുഭവകഥകൾ പാരമ്പര്യവൈദ്യകുടുംബങ്ങളെ സംബന്ധിച്ചേടത്തോളം അനവധിയുണ്ട്.

കൊട്ടാരത്തിൽ ശങ്കുണ്ണി ഐതിഹ്യമാലയിൽ ഇത്തരം അനേകം കഥകൾ പറയുന്നുണ്ട്. ഒരു കഥ ഇവിടെ ഉദ്ധരിക്കാം.

''ഒരു കാലത്ത് കുട്ടഞ്ചേരി മൂസ്സിന്റെ ഇല്ലത്ത് ജ്യേഷ്ഠാനുജന്മാരായി രണ്ടു പേരുണ്ടായിരുന്നു. ബുദ്ധിയും ശാസ്ത്രജ്ഞാനവും രണ്ടുപേർക്കും ഒരുപോലെത്തന്നെയായിരുന്നു. എങ്കിലും ജ്യേഷ്ഠൻ മൂസ്സിനു ഭാഗ്യവും കൈപ്പുണ്യവും വളരെ കുറവായിരുന്നു. അതിനാൽ ചികിത്സാവിഷയത്തിൽ പ്രസിദ്ധിയും, പ്രചാരവും അനുജൻ മൂസ്സിനെപ്പോലെ അദ്ദേഹത്തിനുണ്ടായിരുന്നില്ല. രോഗവിവരങ്ങൾ അറിയിക്കുന്നതിനായും, രോഗികളെ കാണിക്കുന്നതിന് മൂസ്സിനെ കൂട്ടിക്കൊണ്ടുപോകുന്നതിനായും ഇല്ലത്തു വരുന്നവരാരും ജ്യേഷ്ഠൻ മൂസ്സിനെ അന്വേഷിക്കുകയോ കാണുകയോ ചെയ്തിരുന്നില്ല. എല്ലാവരും അനുജൻ മൂസ്സിനെത്തന്നെയാണ് കാണുകയും കൂട്ടിക്കൊണ്ടുപോകുകയും ചെയ്തിരുന്നത്.

''അങ്ങിനെയിരിക്കെ അക്കാലത്തെ സാമൂതിരിപ്പാട്ടിലേക്ക് എന്തോ രോഗം ബാധിക്കുകയാൽ അനുജൻ മൂസ്സിനെ കൂട്ടിക്കൊണ്ടുപോകാനായി ആളെ അയച്ചു. ആൾ ചെന്നപ്പോൾ അനുജൻ മൂസ്സ് അവിടെ ഇല്ലായിരുന്നു. അതിനാൽ അയാൾ ജ്യേഷ്ഠൻ മൂസ്സിനെ കണ്ടു വിവരം പറഞ്ഞു. അപ്പോൾ ജ്യേഷ്ഠൻ മൂസ്സ് ''അനുജൻ ഇപ്പോഴിവിടെ ഇല്ല. ഒരു ദൂരസ്ഥലത്ത് പോയിരിക്കുകയാണ്. ഏതാനും ദിവസം കഴിഞ്ഞേ ഇനി മടങ്ങിവരൂ. അതിനാൽ ഞാൻ നിങ്ങളോടുകൂടി വന്നേയ്ക്കാം'' എന്നു പറഞ്ഞു. ഉടനെ ആ വന്ന ആൾ ''അതു വേണമെന്നില്ല. അനുജൻ മൂസ്സിനെ കൊണ്ടുചെല്ലണമെന്നാണ് കല്പന'' എന്നു പറഞ്ഞു മടങ്ങിപ്പോയി. ഇതു കേട്ട ജ്യേഷ്ഠൻ മൂസ്സിനു അപാരമായ മനസ്താപമുണ്ടായി. ''കഷ്ടം! ഈശ്വരാ! എന്റെ സ്ഥിതി ഇങ്ങിനെയായല്ലോ!. ഞാനും അനുജനും പഠിച്ചിട്ടുള്ളത് ഒരുപോലെയാണ്. എങ്കിലും എന്നെ ആർക്കും ആവശ്യമില്ല. എല്ലാവർക്കും അനുജൻ മതി. ഈ സ്ഥിതിയിൽ ഞാൻ ജീവിച്ചിരിക്കുന്നത് എന്തിനാണ്? ഞാൻ ഇങ്ങിനെയായിപ്പോയത് എനിക്കു അനുജനു ഉള്ളതുപോലെ ഈശ്വരസഹായമില്ലാഞ്ഞിട്ടായിരിക്കും. അതിനാൽ ഇവിടെ ഈശ്വരനെ സേവിക്കുകതന്നെയാണ് വേണ്ടത്.'' എന്നു ചിന്തിച്ചുകൊണ്ടാണദ്ദേഹം ഇല്ലത്തിന് സമീപമുള്ള നെല്ലുവായിൽ ക്ഷേത്രത്തിൽ ചെന്നു വലിയ നിഷ്ഠയോടുകൂടി ഭജനം തുടങ്ങി. തലപ്പള്ളിത്താലൂക്കിൽ വടക്കാഞ്ചേരിയിലുള്ള അദ്ദേഹത്തിന്റെ ഇല്ലത്തുനിന്ന് ഏകദേശം ആറുനാഴി

ക പടിഞ്ഞാറാണ് നെല്ലുവായിൽക്ഷേത്രം സ്ഥിതിചെയ്യുന്നത്. അതിനാൽ വിചാരിച്ച ദിവസംതന്നെ അദ്ദേഹത്തിനു ഭജനം തുടങ്ങാൻ സാധിച്ചു. ഒരു സംവത്സരം ഭക്തിപൂർവം ധന്വന്തരിയെ സേവിച്ചതിനുശേഷം ജ്യേഷ്ഠൻ മൂസ്സ് മടങ്ങി ഇല്ലത്തെത്തി. അക്കാലം മുതൽ അദ്ദേഹത്തെ കാണാൻ രോഗികൾ ധാരാളമായി വന്നു തുടങ്ങുകയും അദ്ദേഹം ചെയ്ത ചികിത്സകളെല്ലാം ശരിയായി ഫലിച്ചുതുടങ്ങുകയും ചെയ്തു. ഒരു കൊല്ലത്തിനുമുൻപ് സാമൂതിരിപ്പാടിന് ആരംഭിച്ചിരുന്ന ദീനം അനുജൻ മൂസ്സിന്റെ ചികിത്സകൊണ്ടു സ്വല്പം ശമിച്ചിരുന്നുവെന്നല്ലാതെ അപ്പോഴം നല്ലപോലെ ഭേദമായിരുന്നില്ല. അതിനാൽ സാമൂതിരിപ്പാട് ആളയച്ചു ജ്യേഷ്ഠൻ മൂസ്സിനെ കൊണ്ടുപോയി. ജ്യേഷ്ഠൻ മൂസ്സിന്റെ ചികിത്സകൊണ്ടു സാമൂതിരിപ്പാട് അചിരേണ പൂർണ്ണസുഖം പ്രാപിക്കുകയും, അവിടെനിന്ന് മൂസ്സിനു വില പിടിച്ച പല സമ്മാനങ്ങൾ ലഭിക്കുകയും ചെയ്തു. അക്കാലം മുതൽക്കാണ് കുട്ടഞ്ചേരി മൂസ്സന്മാർ വൈദ്യശാസ്ത്രം അഭ്യസിച്ചുകഴിഞ്ഞാൽ നെല്ലുവായിൽ ക്ഷേത്രത്തിൽ സംവത്സരഭജനം കൂടി കഴിഞ്ഞിട്ടേ ചികിത്സിച്ചു തുടങ്ങാവൂ എന്നുള്ള ഏർപ്പാടു ചെയ്തത്. തുടർന്നു ഈ സംവത്സര ഭജന ക്രമം അഷ്ടവൈദ്യകുടുംബങ്ങളെല്ലാം സ്വീകരിച്ചു.''

അഷ്ടവൈദ്യന്മാരിൽതന്നെ മുൻപു പറഞ്ഞ ഷോഡശകലകളും, വിശേഷിച്ചും ദൈവപ്രാമാണ്യം പൂർണ്ണ അളവിൽ സിദ്ധിച്ചിരുന്ന ഒരു മഹാവ്യക്തിയായിരുന്നു വയസ്കര ആര്യൻ നാരായണൻ മൂസ്സ്. ഐതിഹ്യമാലാകാരൻ ചികിത്സാകാര്യത്തിൽ ഇദ്ദേഹത്തിനുണ്ടായിരുന്ന അതുല്യമായ പാടവം വെളിപ്പെടുത്തുന്ന അനേകം കഥകൾ പറയുന്നുണ്ട്. അതിൽ ഒന്ന് ഇവിടെ അനുസ്മരിക്കാം.

''പരസ്പരം സ്പർദ്ധയുള്ളവരായ മററുള്ള അഷ്ടവൈദ്യന്മാർക്കും ആര്യൻ നാരായണൻമൂസ്സവർകളെക്കുറിച്ച് വളരെ ബഹുമാനമുണ്ടായിരുന്നു. ഇതിലേയ്ക്കു് താഴെ പറയുന്ന സംഗതി ഒരു ദൃഷ്ടാന്തമാണ്.

''ഒരിക്കൽ ഒരമ്മത്തമ്പുരാനു ശീലായ്മയാകയാൽ ചികിത്സയ്ക്കായി അന്നത്തെ കൊച്ചി മഹാരാജാവ് അഷ്ടവൈദ്യന്മാരിൽ മിക്കവരേയും തൃപ്പൂണിത്തുറയിൽ വരുത്തിയിരുന്നു. അവരെല്ലാവരുംകൂടി ആലോചിച്ചാണ് ചികിത്സ നടത്തിയിരുന്നത്. അങ്ങിനെ അവരവിടെത്താമസിച്ചിരുന്നപ്പോൾ ഒരു ദിവസം മഹാരാജാവ് അവരോട് ''അഷ്ടവൈദ്യന്മാരിൽ ചികിത്സാവിഷയത്തിൽ അധികം യോഗ്യതയുള്ളതാർക്കാണ്?'' എന്ന് ചോദിച്ചു. കുറച്ചു നേരത്തേയ്ക്കു് ഇതിന് ആരും മറുപടി ഒന്നും പറഞ്ഞില്ല. പിന്നെ തൃശ്ശിവപേരൂർ തൈക്കാട്ടു അച്ഛൻ മൂസ്സവർകൾ ''ഇതു ഏററവും അപകടകരമായിട്ടുള്ള ഒരു ചോദ്യമാണ്. ഇതിന്ന് ഇവിടെയുള്ളവർ ആരും ഉത്തരം പറയുമെന്നു തോന്നുന്നില്ല. എല്ലാവരേയുംകാൾ സമർത്ഥൻ താനാണെന്നുള്ളവിചാരം എല്ലാവർക്കും ഉണ്ടായിരിക്കും. എന്നാൽ അതു സ്പഷ്ടമായിപ്പറയാൻ ആർക്കും ധൈര്യം ഉണ്ടായിരിക്കുകയുമില്ല, പിന്നെ എങ്ങിനെയാണിതിന്നുത്തരം പറയുന്നത്? കല്പിച്ച് ചോദിച്ചതിന്ന് ആരും ഉത്തരം പറയാതിരിക്കുന്നത് ന്യായവുമല്ല. അതിനാൽ എന്റെ അഭിപ്രായം ഞാനിവിടെ ഉണർത്തിക്കാം—എല്ലാവർക്കും എല്ലാവിഷയങ്ങളിലും ഒരുപോലെയോഗ്യത ഉണ്ടായിരിക്കുകയില്ല. ഓരോരുത്തർക്കും ഓരോ വിഷയത്തിലായിരിക്കും യോഗ്യത. അഷ്ടാംഗഹൃദയത്തിന്റെ അർത്ഥം പറയുന്നതിന് സമർത്ഥൻ കുട്ടഞ്ചേരി അപ്ഫൻ തന്നെയാണ്. ആ വിഷയത്തിൽ അദ്ദേഹത്തോളം യോഗ്യതയുള്ളവർ ഞങ്ങളുടെ കൂട്ടത്തിൽ വേറെയാരുമില്ല. രോഗം നിർണ്ണയിക്കുന്നതിൽ ആലത്തൂർ നമ്പിയോളം യോഗ്യത മററാർക്കുമില്ല. ചികിത്സചെയ്യുന്നതിന്ന് അധികം യോഗ്യൻ പിലാമന്തോൾ മൂസ്സാണ്. അദ്ദേഹം ചികിത്സിച്ചാൽ സാദ്ധ്യങ്ങളായ രോഗങ്ങളെല്ലാം ഭേദമാകുന്നതാണ്. ഇനി എന്റെ യോഗ്യത കൂടി പറഞ്ഞേയ്ക്കാം. മരണലക്ഷണം കണ്ടു നിശ്ചയിക്കുന്നതിന്ന് എന്നോളം സാമർത്ഥ്യം മററാർക്കും ഇല്ലെന്നാണ് എന്റെ അഭിമാനം. ഒരു മാസത്തി

നകം മരിക്കാവുന്ന ഒരാളെ കണ്ടാൽ അ യാറം ഇന്ന ദിവസം മരിക്കുമെന്നു ഞാൻ തീർച്ചയായി പറയും. അതു തെററുകയു മില്ല.

''എന്നാൽ ഈ വക യോഗ്യതകളെ ല്ലാം പൂർണ്ണമായിത്തികഞ്ഞിട്ടുള്ള ഒരാറം ഞങ്ങളുടെ കൂട്ടത്തിലുണ്ട്. അദ്ദേഹം ഇപ്പോറം ഇവിടെ വന്നിട്ടില്ല: ആ മഹാൻ വയസ്കരെ ആര്യൻ നാരായണൻമൂസ്സാണ്. അദ്ദേഹം വിചാരിച്ചാൽ അസാദ്ധ്യങ്ങ ളായ രോഗങ്ങളും ഭേദമാക്കാൻ കഴിയും. അങ്ങിനെയൊരാറം ഞങ്ങളുടെ കൂട്ടത്തിൽ അദ്ദേഹമല്ലാതെ വേറെയാരുമില്ല'' എന്നു പറയുകയും അതു ശരിയാണെന്നു അവിടെ യുണ്ടായിരുന്നവരെല്ലാം സമ്മതിക്കുകയും ചെയ്തു.

ഈ രീതിയിൽ ശാസ്ത്രാത്ഥ പ്രപഞ്ചനം, രോഗനിർണ്ണയം, രോഗചികിത്സ. രാഷ്ട്ര വിജ്ഞാനം തുടങ്ങിയ ചികിത്സാസംബ ന്ധമായ എല്ലാ കാര്യങ്ങളിലും ഒന്നുപോ ലെ പ്രാഗല്ഭ്യം നേടുന്നതിന്, ഷോഡശ കലാപരിപൂർണ്ണനായിരുന്ന ആര്യൻ നാരാ യണൻമൂസ്സിനെ മാതൃകയാക്കിക്കൊണ്ട് മുന്നേറാനുള്ള പ്രേരണ ആയുർവേദ ചികി ത്സാരംഗത്തു പ്രവർത്തിക്കുന്ന എല്ലാ പേർ ക്കും—വിശേഷിച്ചും യുവവിദ്യാത്ഥികറം ക്കു—നൽകുവാൻ ഈ പുതിയ പ്രസിദ്ധീക രണവും സഹായകമാകട്ടെ എന്നു ഞാനാ ശംസിക്കുന്നു.

ശുഭം ഭൂയാത്. ●

---

വൈദ്യരത്നം പി. എസ്. വാരിയർ എഡിററും കവികുലഗുരു പി.വി. കൃഷ്ണവാരിയർ പ്രസാധകനുമായി ആര്യവൈദ്യശാലയുടെ മുഖപത്രമായ ''ധന്വന്തരി'' ഇരുപത്തിമൂന്നു കൊല്ലം നടത്തിപ്പോന്നു. അതിലെ പല ലേഖനങ്ങളും പഠനങ്ങളും അക്കാലത്തെ പ്രതി പാദനശൈലിയിലാണെങ്കിലും ഇപ്പോഴും കൗതുകമുളവാക്കുന്നതും പ്രയോജനകരവുമാണ്.

രണ്ടു ലേഖകന്മാർ ''താരനു'' നൽകിയ ചികിത്സയുടെ സംക്ഷിപ്തം താഴെ കൊടുക്കുന്നു:

''ധന്വന്തരി''

(1910 ഒക്ടോബർ 17 തിങ്കളാഴ്ച)

1. ''വുങ്ങിൻ വേരിലെ തൊലി, പൂവരിശിൻപട്ട, വേപ്പിൻപട്ട, ഒട്ടുപാക്കി ഇവ വെവ്വേറെ ഇടിച്ചുപിഴിഞ്ഞു തനിച്ചചാർ ഓരോ തുടം വീതം പഴുത്ത നാളികേരം പിഴിഞ്ഞ പാൽ നാലുതുടം ഇവ അഞ്ചും ഓരോ പാത്രത്തിലാക്കി അതിൽ കസ്തൂരിമഞ്ഞറം, ചെമ്പാ ക്കായ്, നന്നാറിക്കിഴങ്ങ്, മരമഞ്ഞറം, മെഴുക്, കർപ്പൂരം ഇവ ഓരോ കഴഞ്ചുവീതം അരച്ചു കലക്കി മണൽ പാകത്തിൽ അരിച്ചു അഹോരാത്രം മൂന്നു പ്രാവശ്യം പുരട്ടി പച്ചപ്പയർ അരച്ചുതേച്ചു കഴകി വരണം.''

2. ''നാല്പാമരത്തിൻ തോൽ പലംരണ്ട്, മരമഞ്ഞറംതോൽ പലം ഒന്ന്, ചിററമൃതു പലം ഒന്ന്, വെള്ളം നാലിടങ്ങഴി കുറുക്കി ഇടങ്ങഴി ഒന്ന്, എണ്ണ നാഴി ഒന്ന്, ആട്ടിൻപാൽ നാഴി രണ്ട്, ചെറുനാരങ്ങരസം നാഴി ഒന്ന്, കൽക്കത്തിനു കടുക്ക കഴഞ്ചു മൂന്ന്, ഏലാദിഗണം കഴഞ്ച് ഓരോന്ന് അരച്ചു കൽക്കം ചേർത്തു കാച്ചിയ തൈലം തലക്കു പുരട്ടാനും മധുസ്നുഹി രസായനം സേവിപ്പാനും കുറിച്ചുകൊടുത്തു. ഈ ചികിത്സ ഒരുമാസം ചെയ്തപ്പോറം തീരെ ഭേദമാവുകയും പിന്നെ ഇതേവരെ അതിൻെറ യാതൊരു ചിഹ്നങ്ങളും കാണാതെ സുഖ മാകുകയും ചെയ്തിരിക്കുന്നു''.

# ആയുർവ്വേദവും പുരാണങ്ങളും

കെ. ശ്രീധരവാരിയർ, പി. കൃഷ്ണവാരിയർ

ആയുർവ്വേദത്തിൻെറ അടിവേരുകൾ തേടിപ്പോകുമ്പോൾ നാം ചെന്നെത്തുക ചരിത്രാതീതകാലഘട്ടത്തിലാണ്. മനുഷ്യൻ സമൂഹജീവിതം ആരംഭിച്ചപ്പോൾ തന്നെ വൈദ്യശാസ്ത്രവും അതിൻെറ ബീജം കണ്ടെത്തിയിരിക്കണം. പക്ഷേ, മാനവസംസ്കാരത്തിൻെറ മറെറല്ലാ മണ്ഡലങ്ങളും എന്ന പോലെ വൈദ്യശാസ്ത്രവും ആദ്യമായി പരാമർശിക്കപ്പെടുന്നത് ഋഗ്വേദത്തിലാണ്. ഋഗ്വേദത്തിൻെറ ഒരു ഉപവേദമായാണ് ആയുർവ്വേദത്തെ ശുക്രനീതിസാരം വിശേഷിപ്പിക്കുന്നതുതന്നെ.

വിദന്ത്യായുർവ്വേത്തി സമ്യ-
ഗാകൃത്യൌഷധിഹേതുതഃ
യസ്മിന്നൃഗ്വേദോപവേദഃ
സ ചായുർവ്വേദസംജ്ഞകഃ
(ശു. നീ. 4–3–35)

രോഗലക്ഷണങ്ങളിലൂടെ നിദാനം എന്തെന്നറിഞ്ഞ് ഔഷധങ്ങളുടെ സഹായത്താൽ രോഗശമനം സാദ്ധ്യമാക്കിത്തീർക്കുന്ന ആയുർവ്വേദമെന്ന ശാസ്ത്രം ഋഗ്വേദത്തിൻെറ ഉപവേദം തന്നെ. ഇപ്രകാരം, ആയുസ്സിനെ അറിവാനുതകുന്ന (ആയുസ്സിനെ സംബന്ധിക്കുന്ന) ശാസ്ത്രമെന്നാണ് ആയുർവ്വേദശബ്ദത്തിൻെറ നിരുക്തി.

എങ്കിലും സഹസ്രാബ്ദങ്ങളോളം പരീക്ഷണനിരീക്ഷണങ്ങൾക്ക് വിധേയമായ ഒരു ശാസ്ത്രശാഖ എന്ന നിലയിൽ വൈദ്യശാസ്ത്രം സമഗ്രമായ വികാസം നേടാൻ പിന്നേയും കാലമേറെ കാത്തുനിന്നു. പുരാണങ്ങളുടെ കാലമായപ്പോഴേയ്ക്കും ആയുർവ്വേദം ആ വളർച്ച നേടിക്കഴിഞ്ഞിരുന്നു. മാത്രമല്ല, ആയുർവ്വേദത്തിൽ ഉപരിപഠനവും ഗവേഷണവും അക്കാലത്ത് സാധാരണമായിരുന്നു എന്നതിൻെറ സൂചനകളും നമുക്ക് പുരാണങ്ങളിൽ ദർശിക്കാൻ കഴിയും.

## പുരാതനവിദ്യാഭ്യാസരീതി

ഉത്തമവും ഏറെക്കുറെ അവികലവുമായൊരു വിദ്യാഭ്യാസരീതി പൌരാണികലോകസംസ്കാരത്തിന്ന് ഭാരതത്തിൻെറ സംഭാവനയാണ്. ബുദ്ധിവികാസവും വ്യക്തിത്വപോഷണവുമെന്ന പോലെ തന്നെ സാമൂഹ്യപ്രയോജനവും ആ വിദ്യാഭ്യാസസമ്പ്രദായത്തിൻെറ ലക്ഷ്യമായിരുന്നു. അഷ്ടാദശവിദ്യകളിൽ ഒരു സമ്പൂർണ്ണ പാഠ്യപദ്ധതി ഒതുക്കിക്കൊണ്ടുള്ള അന്നത്തെ സമ്പ്രദായം സാമാന്യവിദ്യാഭ്യാസത്തിന്നും ഉപരിവിദ്യാഭ്യാസത്തിന്നും വേണ്ടത്ര പ്രാധാന്യം കല്പിച്ചിരുന്നു. വിഷ്ണുപുരാണത്തിലെ ഈ ശ്ലോകങ്ങൾ ശ്രദ്ധിക്കുക:

അംഗാനി വേദാശ്ചത്വാരോ
മീമാംസാ ന്യായവിസ്തരഃ
പുരാണം ധർമ്മശാസ്ത്രം ച
വിദ്യാ ഹ്യേതാശ്ചതുർദ്ദശ
ആയുർവ്വേദോ ധനുർവ്വേദോ
ഗാന്ധർവ്വശ്ചൈവ തേ ത്രയഃ

അത്ഥശാസ്ത്രം ചതുത്ഥം ച
വിദ്യാ ഹ്യഷ്ടാദശൈവ താഃ

(അംശം 3—അദ്ധ്യായം 6—28, 29)

ഋക്, യജുസ്സ്, സാമം, അഥവ്വം എന്ന നാലു വേദങ്ങളും; ശിക്ഷാ, വ്യാകരണം, കല്പം, നിരുക്തം, ജ്യോതിഷം, ഛന്ദസ്സ് എന്ന ആറു വേദാംഗങ്ങളും; പൂവ്വമീമാംസയും ഉത്തരമീമാംസാ അഥവാ വേദാന്തവും ഉൾക്കൊള്ളുന്ന മീമാംസാ ശാസ്ത്രം; വിപുലാത്ഥത്തിൽ ന്യായം, വൈശേഷികം, സാംഖ്യം, യോഗം എന്നീ ദശ്നങ്ങൾ അടങ്ങുന്ന ന്യായശാസ്ത്രം; ബ്രാഹ്മം മുതൽ ബ്രഹ്മാണ്ഡം വരെയുള്ള അഷ്ടാദശപുരാണസംഹിത; മനുവാദിസ്മൃതികളടങ്ങുന്ന ധമ്മശാസ്ത്രം എന്നിങ്ങനെയുള്ള പതിന്നാലു വിദ്യകളായിരുന്നു സാമാന്യവിദ്യാഭ്യാസത്തിന്റെ (General education) കുറിക്കല്ലം. ഇത് വിജയകരമായി പൂത്തിയാക്കിക്കഴിഞ്ഞ ഒരാൾക്ക് ആയുവ്വേദം, ധനുവ്വേദം, ഗാന്ധവ്വവേദം, അത്ഥശാസ്ത്രം എന്നീ നാലു വിദ്യകൾ മുഴുവനുമായോ ഏതെങ്കിലുമായോ വാസനയും കഴിവുമനുസരിച്ച് ഉപരിപഠനത്തിന്ന് (Advanced and specialised courses) തെരഞ്ഞെടുക്കാം. വൈദ്യവൃത്തി സ്വീകരിക്കാനിച്ഛിക്കുന്നവക്ക് ആയുവ്വേദം; യോദ്ധാക്കളാകാൻ താത്പര്യമുള്ളവക്ക്—ക്ഷത്രിയക്ക് പ്രത്യേകിച്ചും—ധനുവ്വേദം; സംഗീതം, നൃത്തം മുതലായ കലാവിദ്യകളിൽ പ്രാവീണ്യം ആഗ്രഹിക്കുന്നവക്ക് ഗാന്ധവ്വവേദം; രാജാക്കന്മാക്കും രാജ്യഭരണരംഗത്തെ മേലാളന്മാക്കും അത്ഥശാസ്ത്രം എന്നിവയായിരുന്നു ഉപരിവിദ്യാഭ്യാസത്തിന്നായി തുറന്നുവച്ചിരുന്ന മേഖലകൾ.

വൈദ്യവൃത്തി സ്വീകരിക്കാൻ തീച്ചപ്പെടുത്തിയവർ ശാസ്ത്രം ഗുരുമുഖത്തുനിന്നു തന്നെ അഭ്യസിച്ചേ മതിയാകൂ. എങ്കിലും ജിജ്ഞാസുക്കൾക്ക് ആ ശാസ്ത്രത്തെപ്പററി ഒരു സാമാന്യവിജ്ഞാനവും ഉൽക്കഷേച്ഛുക്കളായ ശാസ്ത്രജ്ഞന്മാക്ക് വേണ്ട ഗവേഷണവിഭവങ്ങളും പുരാണങ്ങൾ നല്ലുന്നുണ്ട്.

## ധന്വന്തരി

ആയുവ്വേദശാസ്ത്രത്തിന്റെ ഉപജ്ഞാതാവും അധിഷ്ഠാനദേവതയുമായ ശ്രീ ധന്വന്തരിയെ സ്മരിച്ചുകൊണ്ടുവേണമല്ലോ ശാസ്ത്രവിചാരം ആരംഭിക്കുക. ധന്വന്തരി സ്വരൂപത്തിലവതരിച്ചത് ഭഗവാൻ ശ്രീഹരിതന്നെ. പിത്തം, കഫം, വാതം എന്നീ മൂന്നു ധാതുക്കൾ കമ്മഫലമായുണ്ടാകുന്നുവെന്നും അവ സന്തുലിതാവസ്ഥയിലായിരിക്കണമെന്നും അവയുടെ ബലം ഹേതുവായി ജീവജാലങ്ങൾക്ക് ചൈതന്യവും ക്ഷയം ഹേതുവായി ക്ഷീണവും (രോഗവും) ബാധിക്കുന്നുവെന്നും (ഇവയുടെ നിയന്താവാകയാൽ) ആയുവ്വേദവിചക്ഷണന്മാർ തനിക്ക് 'ത്രിധാതു' എന്ന ഒരു നാമം കല്പിച്ചിട്ടുണ്ടെന്നും നാരായണീയത്തിൽ (മഹാഭാരതം—ശാന്തിപവ്വം) ഭഗവാൻ അർജ്ജുനനോട് പറയുന്നു.

ത്രയോ ഹി ധാതവഃ ഖ്യാതാഃ
കമ്മജാ ഇതി തേ സ്മൃതാഃ
പിത്തം ശ്ലേഷ്മാ ച വായുശ്ച
ഏഷ സംഘാത ഉച്യതേ
ഏതൈശ്ച ധാര്യതേ ജന്തു—
രേതൈഃ ക്ഷീണൈശ്ച ക്ഷീയതേ
ആയുവ്വേദവിദസ്തസ്മാ—
ത്ത്രിധാതും മാം പ്രചക്ഷതേ

(ശാന്തി—342—86, 87)

രാഗാദിരോഗങ്ങളുടെ ശമനത്തിന്നുവേണ്ടി അഷ്ടാംഗഹൃദയകത്താവായ വാഗ്ഭടാചാര്യനാൽ സ്മരിക്കപ്പെടുന്ന അപൂവ്വവൈദ്യൻ (അഥവാ പൂവ്വവൈദ്യൻ) ഈ 'ത്രിധാതു' തന്നെയാണ്.

പാലാഴിയിൽനിന്ന് മരണത്തെ മാത്രമല്ല ജരാനരകളെക്കൂടി അകററുന്ന അമൃതകുംഭത്തോടുകൂടി പ്രത്യക്ഷപ്പെട്ട ഭഗവാൻ ധന്വന്തരിയുടെ അവതാരകഥ പ്രസിദ്ധമാണല്ലോ. മിക്ക പുരാണങ്ങളും സവിസ്തരം പ്രതിപാദിക്കുന്ന ഒന്നാണ് ഈ ചരിത്രം.

## അശ്വിനീദേവന്മാർ

എന്നാൽ ആയുവ്വേദത്തിന്റെ ആചാര്യസ്ഥാനം കല്പിക്കപ്പെട്ടിട്ടുള്ള അശ്വിനീ

ദേവതകളുടെ ഉല്പത്തിയെപ്പററി ചുരുക്കം ചില പുരാണങ്ങളേ പ്രതിപാദിക്കുന്നുള്ളു. ബ്രാഹ്മപുരാണത്തിലാണ് അശ്വിനീദേവതകളുടെ ഉല്പത്തി വിസ്തരിച്ചുപന്യസിച്ചിട്ടുള്ളത്. ഭാഗവതം, ബ്രഹ്മാണ്ഡം മുതലായി മററു ചില പുരാണങ്ങളും ഈ ചരിത്രം സ്പർശിക്കുന്നുണ്ട്. ബ്രാഹ്മപുരാണത്തിൽ പറഞ്ഞ കഥ ഇപ്രകാരം സംഗ്രഹിക്കാം. കശ്യപപ്രജാപതിക്ക് ദക്ഷപുത്രിയായ അദിതിയിൽ ആദിത്യൻ എന്ന പുത്രനുണ്ടായി. ത്വഷ്ടാവിൻെറ മകളായ സംജ്ഞയെയാണ് ആദിത്യൻ പരിണയിച്ചത്. യമൻ, യമുന എന്ന ഇരട്ടസ്സന്താനങ്ങളും ശ്രാദ്ധദേവനെന്ന വൈവസ്വതമനുവും ആദിത്യന് സംജ്ഞയിലുണ്ടായവരാണ്. ആദിത്യൻെറ ചൂട് അസഹ്യമായിത്തോന്നി സംജ്ഞയ്ക്ക്. തനിക്കു പകരം ഛായയെന്ന ഒരു സ്ത്രീയെ സൃഷ്ടിച്ച്, കുട്ടികളെ ഛായയുടെ സംരക്ഷണത്തിൽ നിർത്തി. സംജ്ഞ പിതാവിനെ സമീപിച്ച് ആദിത്യൻെറ അതികഠിനമായ ചൂടിനെപ്പററി ആവലാതി പറഞ്ഞു. ഭർത്താവിൻെറ ഗുണദോഷങ്ങൾ പത്നി സഹിച്ചേ പററൂ എന്നനുശാസിച്ച് ആദിത്യസമീപത്തേയ്ക്ക്, തിരിച്ചുപോകുവാൻ സംജ്ഞയെ പ്രേരിപ്പിക്കുകയാണ് നീതിമാനായ ത്വഷ്ടാവ് ചെയ്തത്. ആദിത്യന്ന് ഛായയിൽ സാവർണ്ണി, ശനി എന്നീ പുത്രന്മാർ ജനിച്ചു, എങ്കിലും അവൾ തൻെറ പത്നിയല്ലെന്ന് ആദിത്യൻ ഇതിനകം ധരിച്ചുകഴിഞ്ഞിരുന്നു. സംജ്ഞയെ അന്വേഷിച്ച് ആദിത്യൻ അവളുടെ പിതാവിനെ സമീപിച്ചു. തൻെറ ഊഷ്മാവ് അല്പം ശമിപ്പിക്കുകതന്നെ വേണമെന്ന് ത്വഷ്ടാവ് ജാമാതാവിനെ ഉപദേശിച്ചു. സംജ്ഞ ഒരു പെൺകുതിരയുടെ രൂപത്തിൽ ഉത്തരകുരുരാജ്യത്ത് വിഹരിക്കുകയാണെന്നും അറിയിച്ചു. [ഭാരതത്തിൽ ആദിത്യൻ ഉദിക്കുമ്പോൾ ഉത്തരകുരുരാജ്യത്ത് അസ്തമനസമയമായിരിക്കുമെന്ന് വരാഹമിഹിരാചാര്യൻെറ പഞ്ചസിദ്ധാന്തിക (15—ാമദ്ധ്യായം 22—ാം പദ്യം) എന്ന ഗണിതഗ്രന്ഥം. അക്കണക്കിന് ഉത്തരകുരു ഇപ്പോഴത്തെ അമേരിക്കാഭൂഖണ്ഡമായിരിക്കും]. പെൺകുതിരയുടെ രൂപത്തിൽ ഉത്തരകുരുവിൽ പുല്ലു മേഞ്ഞ് നടക്കുകയായിരുന്ന സംജ്ഞയെ ആദിത്യൻ ആൺകുതിരയുടെ രൂപത്തിൽ സമീപിച്ചു. ഇതൊരു ജാരനായിരിക്കുമെന്ന ശങ്കയാൽ സംജ്ഞ ഒഴിഞ്ഞുമാറി. എങ്കിലും അശ്വരൂപിയായ ആദിത്യൻ അവളിൽ നാസാരന്ധ്രത്തിലൂടെ പുത്രോൽപാദനം നടത്തി. അങ്ങിനെ ഇരട്ടയായി ജനിച്ചവരാണ് അശ്വിനീദേവന്മാർ. നാസാരന്ധ്രത്തിലൂടെ ജനിച്ചവരാകയാൽ നാസത്യന്മാർ എന്നും മാതാപിതാക്കൾ അശ്വരൂപികളാകയാൽ അശ്വികൾ അഥവാ അശ്വിനീദേവന്മാർ എന്നും അവരെ പറഞ്ഞുവന്നു. എപ്പോഴും ജോടിയായി സഞ്ചരിക്കുന്ന അവർക്ക് ആയുർവ്വേദത്തിൻെറ ആചാര്യസ്ഥാനം കല്പിക്കപ്പെട്ടു.

> ദേവൌ തസ്യാമജായേതാ—
> മശ്വിനൌ ഭിഷജാം വരൌ
> നാസത്യശ്ചൈവ ദസ്രശ്ച
> സ്മൃതൌ ദ്വാവശ്വിനാവിതി
>
> (ബ്രാഹ്മ. പു. 6—44)

ഗോപുരം വളരെ വലുതായിപ്പോയെന്നു തോന്നുന്നു. ദ്വാരപാലന്മാർ ചുമരും ചാരിയിരുന്നു മയങ്ങുകയാണ്. നമുക്കേതായാലും വേഗം അകത്തേയ്ക്കു പ്രവേശിയ്ക്കുക.

ആയുർവ്വേദത്തെ ഏറെക്കുറെ വിശദമായിത്തന്നെയാണ് അഗ്നിപുരാണവും വിഷ്ണുപുരാണത്തിൻെറ ഉത്തരഖണ്ഡമായ വിഷ്ണുധർമ്മോത്തരവും കൈകാര്യം ചെയ്യുന്നത്. ഈ പുരാണങ്ങളിൽ സർവ്വശാസ്ത്രങ്ങളും സ്പർശിക്കപ്പെടുന്നുണ്ട് എന്നുകൂടി കൂട്ടത്തിൽ പ്രസ്താവിക്കട്ടെ. മനുഷ്യരുടെ ചികിത്സ മാത്രമല്ല, മൃഗങ്ങളുടേയും വൃക്ഷങ്ങളുടേയും ചികിത്സാരീതികൾ കൂടി ഈ പുരാണങ്ങളിലെ പ്രതിപാദ്യവിഷയമാണ്. വിഷചികിത്സയുടെ വിശദാംശങ്ങളിലേയ്ക്കുപോലും ഭവിഷ്യപുരാണത്തിലെ ചില ഭാഗങ്ങൾ കടക്കുന്നുണ്ട്. ശസ്ത്രക്രിയ എത്രത്തോളം പുരോഗമിച്ചിരുന്നുവെന്നതിന്ന് മഹാഭാരതത്തിലെ ചില ഭാഗങ്ങൾ ഉത്തമദൃഷ്ടാന്തമാണ്.

## അഗ്നിപുരാണം

അഗ്നിപുരാണത്തിന്നും[1] വിഷ്ണുധർമ്മോത്തരത്തിന്നും പലയിടത്തും ഐകരൂപ്യമുണ്ട്. സമാന്തരങ്ങളായ പദ്യങ്ങൾപോലും കാണാം. രാജധർമ്മം, സാമുദ്രികശാസ്ത്രം, ശകുനങ്ങൾ, രത്നങ്ങളുടെ ലക്ഷണം, ധനുർവ്വേദം, വ്യവഹാരം എന്നിങ്ങനെ വിവിധവിഷയങ്ങൾ വർണ്ണിച്ച ശേഷം സൂര്യവംശരാജാക്കന്മാരുടേയും ചന്ദ്രവംശരാജാക്കന്മാരുടേയും ചരിത്രം ഭീഷ്മോൽപത്തിയോടെ അഗ്നിപുരാണം 278-ാമദ്ധ്യായത്തിൽ സമാപിക്കുന്നു. 279 മുതൽ അനേകം അദ്ധ്യായങ്ങളിലാണ് ആയുർവ്വേദം വ്യാപിച്ചുകിടക്കുന്നത്.

279—ാമദ്ധ്യായത്തിന്റെ ആരംഭം ഇപ്രകാരമാണ്.

അഥ സിദ്ധൌഷധാനി—
അഗ്നിരുവാച—
ആയുർവ്വേദം പ്രവക്ഷ്യാമി
സുശ്രുതായ യമബ്രവീത്
ദേവോ ധന്വന്തരിഃ സാരം
മൃതസഞ്ജീവനീകരം

(അഗ്നി—279—1)

സുശ്രുതന്നു് ധന്വന്തരമൂർത്തി ഉപദേശിച്ചതും മരിച്ചവരെ പുനരുജ്ജീവിപ്പിക്കാൻ പോലും പ്രാപ്തവുമായ ആയുർവ്വേദശാസ്ത്രസാരം ഞാൻ ഭവാന്മാർക്ക് പറഞ്ഞുതരാം:

പിന്നീടങ്ങോട്ടു സുശ്രുത ധന്വന്തരീ സംവാദരൂപത്തിലാണ് ആയുർവ്വേദശാസ്ത്രം അവതരിപ്പിക്കപ്പെടുന്നതു്. വിവിധ പ്രകാരേണയുള്ള രോഗങ്ങളും ചികിത്സയും 63 പദ്യങ്ങളിലായി ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. അധോഗതം, ഊർദ്ധ്വഗതം എന്നിങ്ങനെ രണ്ടുവിധത്തിലാണ് ജ്വരങ്ങൾ. അധോഗതജ്വരത്തിന്നു് വമനവും ഊർദ്ധ്വഗതജ്വരത്തിന്നു് വിരേചനവും ചികിത്സ വിധിച്ചിരിക്കുന്നു.

'അധോഗേ വമനം ശസ്തമൂർദ്ധ്വഗേ ച വിരേചനം' (279–8) ഇതുകൂടാതെ 'മുസ്തപർപ്പടകോശീരചന്ദനോദീപ്യനാഗരൈഃ (279-4)' എന്നിങ്ങിനെ ശൈത്യവീര്യമുള്ള ഔഷധങ്ങളും ജ്വരത്തിന്നു് വിധിച്ചിരിക്കുന്നു. വാതത്തിന്നു് തക്രാരിഷ്ടം, കാസരോഗത്തിന്നു് ഉണക്കമീൻ, മാതളനാരങ്ങ, ചെറുതേൻ, ത്രികടു ഇത്യാദികളാൽ ശുദ്ധിചെയ്ത യവം, ഗോതമ്പം, അരി എന്നീ ധാന്യങ്ങൾ വേവിച്ച് ഭക്ഷിക്കൽ എന്നിങ്ങനെയാണ് ചികിത്സകൾ.

'മാതുലുംഗരസക്ഷൌദ്രദ്രാക്ഷാ—
വ്യോഷാദിസംസ്കൃതൈഃ
യവഗോധൂമശാല്യന്നൈർഭോജ—
യേച്ഛ്വാസകാസിനം'

(279–21)

ഇങ്ങിനെ വിവിധരോഗങ്ങൾക്ക് വിവിധൌഷധങ്ങൾ വിധിച്ച ശേഷം അടുത്ത അദ്ധ്യായത്തിൽ ദാനാദിസൽക്കർമ്മങ്ങളെക്കൊണ്ട് സർവ്വരോഗശമനം സാധിക്കുന്നു എന്ന് സമർത്ഥിക്കുകയാണ്. ശാരീരം, മാനസം, ആഗന്തു, സഹജം എന്നിങ്ങനെ രോഗങ്ങളെ നാലുവിധമായി ധന്വന്തരീദേവൻ വർഗ്ഗീകരിച്ചിരിക്കുന്നു.

'ശാരീരമാനസാഗന്തുസഹജാ
വ്യാധയോ മതാഃ'

(280–1)

അവയുടെ ലക്ഷണങ്ങളും ഓരോന്നിന്നും ആചരിക്കേണ്ടപ്രതിക്രിയയും ആണ് മുഖ്യമായും ഈ അദ്ധ്യായത്തിൽ വിവരിക്കുന്നതു്. മാനസികങ്ങളായ രോഗങ്ങൾക്ക് വിഷ്ണുസ്തോത്രമാണ് പ്രധാന ഔഷധമായി വിധിച്ചിട്ടുള്ളതു്.

(1) നൈമിഷാരണ്യത്തിലെ ദീർഘസത്രത്തിൽ വ്യാപൃതരായ ശൗനകാദിഋഷീശ്വരന്മാർ സൂതനോട് പല പല തത്ത്വങ്ങളും ചോദിക്കുകയുണ്ടായി. കാലാഗ്നി രൂപത്തിലുള്ള ഭഗവാൻ വിഷ്ണു വസിഷ്ഠമഹർഷിക്കുപദേശിച്ചതും ആ ഋഷിവര്യൻ വ്യാസഭഗവാന്നും വ്യാസഭഗവാൻ സൂതന്നും ഉപദേശിച്ചതുമായ സംഹിതയാണ് അഗ്നിപുരാണം. അഗ്നിവസിഷ്ഠസംവാദരൂപത്തിലാണ് സൂതൻ ഋഷീശ്വരന്മാർക്ക് ഇതു് പറഞ്ഞുകൊടുക്കുന്നതു്. കാലാഗ്നിരൂപത്തിലുള്ള ഭഗവത് പ്രോക്തമാകയാൽ അഗ്നിപുരാണമെന്ന് പ്രസിദ്ധി.

'മാനസാനാം രുജാദീനാം വിഷ്ണോഃ
സ്തോത്രം ഹരം ഭവേത്''

(280–6)

വാതപിത്തകഫങ്ങരം കോപിക്കാനുള്ള കാരണങ്ങരം ഇവിടെ പറയുന്നു. അതിർ കവിഞ്ഞ സംഭോഗം രക്തപിത്തമുളവാക്കു മത്രേ.

'രക്തപിത്തം വ്യവായാച്ച'

(280–40)

ഭയം ഹേതുവായി പിത്തവും അമിതമായ ജലപാനം, ഗുരുത്വമുള്ള ഭക്ഷണം, ഭക്ഷിച്ച ഉടനെ ശയനം, അലസത ഇത്യാദികളാൽ കഫവും ദുഷിയ്ക്കും.

'പിത്തം പ്രകോപമായാതി
ഭയേന ച തഥാ ദ്വിജ
അത്യംബുപാനഗുർവ്വന്നഭോജിനാം
ഭുക്തശായിനാം
ശ്ലേഷ്മാ പ്രകോപമായാതി
തഥാ യേ ചാലസാ ജനാഃ'

(280–42, 43)

281–ാമദ്ധ്യായത്തിൽ വിവിധതരം രസായനങ്ങരം, കഷായങ്ങരം, ലേഹ്യങ്ങരം, ചൂർണ്ണങ്ങരം എന്നിവയെപ്പററിയാണ് വിവരിക്കുന്നത്. പലവിധ ഔഷധങ്ങളുടെ നിർമ്മാണരീതിയും മററും 283–ാമദ്ധ്യായത്തിലും തുടരുന്നുണ്ട്. മൂത്രകൃച്ഛ്റാദിരോഗങ്ങളുടെ ചികിത്സ, ബാലചികിത്സ എന്നിവയും ഈ അദ്ധ്യായത്തിലുണ്ട്. മന്ത്രപ്രയോഗംമൂലം രോഗശമനം വരുത്തുവാനുള്ള വിധികളാണ് 284–ാമദ്ധ്യായത്തിലെ പ്രതിപാദ്യം. മന്ത്രവിഭാഗം അഥർവ്വവേദത്തിലുള്ളതാണ്. ഓരോ രോഗത്തിന്നും പ്രത്യേകം മന്ത്രങ്ങരം അഥർവ്വസംഹിതയിലുണ്ട്. അവയെല്ലാം ബീജാക്ഷരമന്ത്രങ്ങളാണ്. അഗ്നിപുരാണത്തിൽ പറയുന്ന മന്ത്രങ്ങളുടെ ഒരു പരിച്ഛേദം ഇതാ:

അഥ മന്ത്രരൂപൌഷധകഥനം—
ധന്വന്തരിരുവാച—

ആയുരാരോഗ്യകർത്താര
ഓങ്കാരാദ്യാശ്ച നാദകാഃ
ഓങ്കാരഃ പരമോ മന്ത്ര—
സ്തം ജപ്ത്വാ ചാമരോ ഭവേത്
ഗായത്രീ പരമോ മന്ത്ര
സ്തംജപ്ത്വാ ഭുക്തിമുക്തിഭാക്
ഓം നമോ നാരായണായ
മന്ത്രഃസർവ്വാർത്ഥസാധകഃ
ഓം നമോ ഭഗവതേ
വാസുദേവായ സർവ്വദഃ
ഓം ഹ്രൂംനമോ വിഷ്ണവേ
മന്ത്രോऽയം ചൌഷധം പരം

(284–1–3)

മൃതസഞ്ജീവനീകരസിദ്ധയോഗമെന്നാണ് 285–ാമദ്ധ്യായത്തെ വിശേഷിപ്പിക്കുന്നതു്. ഇതിൽ പ്രതിപാദിക്കുന്നവ സിദ്ധയോഗൌഷധങ്ങളും ധന്വന്തരിക്കു പോലും ദത്താത്രേയമഹർഷിയാൽ ഉപദേശിക്കപ്പെട്ടവയും അത്യന്ത ഗോപ്യവും ഗഹനവുമാണ്. ബില്വാദി പഞ്ചമൂലങ്ങളുടെ പ്രയോഗവും മററും ഇവിടെയാണ് പ്രസ്താവിച്ചിട്ടുള്ളത്. 286–ാമദ്ധ്യായം മൃത്യുഞ്ജയകല്പമെന്നറിയപ്പെടുന്നു. ത്രിഫലാദി ചൂർണ്ണങ്ങരം ഗുളികകരം ഇവയെല്ലാം അടങ്ങുന്നതാണ് ഈ അദ്ധ്യായം. കുഷ്ഠരോഗചികിത്സ ഇതിൽ പറയുന്നുണ്ട്. ഈ ഏഴദ്ധ്യായങ്ങളിലായി അഗ്നിപുരാണം ഔഷധം, മന്ത്രം, സൽക്കർമ്മങ്ങരം എന്നിങ്ങനെ രോഗശമനത്തിന്നുള്ള മൂന്ന് ഉപാധികരം കല്പിച്ചിരിക്കുന്നു. അതിനിടയിൽ 282-ാമദ്ധ്യായം വൃക്ഷായുർവ്വേദമാണ്. (ഇത് പ്രത്യേകം ഉപന്യസിക്കേണ്ട വിഷയമാണ്.)

## ഗരുഡപുരാണം

ഗരുഡപുരാണം, ആയുർവേദം അത്യന്തം വിശദമായി പ്രതിപാദിക്കുന്നുണ്ട്. കർമ്മകാണ്ഡം എന്ന അപരനാമത്താൽ അറിയപ്പെടുന്ന ആചാരകാണ്ഡം ആദ്യഭാഗം 146–ാമദ്ധ്യായം മുതൽ 194–ാമദ്ധ്യായംവരെയുള്ള ഭാഗങ്ങരം പ്രധാനമായും ആയുർവേദത്തെ പരാമർശിക്കുന്നവയാണ്. 146–ാമദ്ധ്യായം രോഗനിദാന നിരൂപണ

മാണ്. പിന്നീട് ഓരോ അദ്ധ്യായത്തിലും ഓരോവിധം രോഗത്തെപ്പററി പറയുന്നു. സുശ്രുതൻ തുടങ്ങിയവരുമായി ധന്വന്തരിയുടെ സംവാദം 174–ാമദ്ധ്യായത്തോടുകൂടി അവസാനിക്കുന്നു. പിന്നെ ഭഗവാൻ ഹരി ഭഗവാൻ ഹരന്ന് (ശിവന്ന്) കൊടുക്കുന്ന നിർദ്ദേശങ്ങളാണ്. ഈ ശാസ്ത്രത്തിൽ ഏററവും വിദഗ്ദ്ധൻ ആത്രേയനാണ് (ദത്താത്രേയൻ) എന്നാണ് പറയുന്നത്. മററു പല ഭാഗങ്ങളിലും അവിടവിടെയായി ആയുർവേദശാസ്ത്രം പരാമർശിക്കപ്പെടുന്നുണ്ട്. അത്യന്തം സാങ്കേതികരൂപത്തിലാണ് ഗരുഡപുരാണം ആയുർവേദശാസ്ത്രം കൈകാര്യം ചെയ്യുന്നത്. അതുകൊണ്ട്, ഇത്തരം ഒരു പ്രബന്ധത്തിൽ അത് സംഗ്രഹിക്കാൻ സാദ്ധ്യമല്ല. അവഗാഢമായ പഠനം അർഹിക്കുന്നതും ആയുർവേദശാസ്ത്രജ്ഞരുടെ സജീവശ്രദ്ധ പതിയേണ്ടതുമായ ഒന്നാണ് ഗരുഡപുരാണം എന്ന് സൂചിപ്പിക്കുക മാത്രമേ ഇവിടെ ചെയ്യുന്നുള്ളു.

## വിഷ്ണു ധർമ്മോത്തരപുരാണം

വിഷ്ണു ധർമ്മോത്തരം ദ്വിതീയഖണ്ഡം 56–ാമദ്ധ്യായത്തിലാണ് ചികിത്സാവിധികൾ മുഖ്യമായും പരാമർശിക്കുന്നത്. വരുണപുത്രനായ പുഷ്കരൻ മുമ്പാകെ പരശുരാമൻ പല പ്രശ്നങ്ങളും അവതരിപ്പിക്കുന്നു. ഈ പുരാണസംഹിതയിൽ പ്രതിപാദിക്കുന്ന പ്രധാനതത്വങ്ങളെല്ലാം പുഷ്കരഭാർഗ്ഗവരാമസംവാദരൂപത്തിലാണ്. 56–ാമദ്ധ്യായത്തിന്റെ ആരംഭം ശ്രദ്ധിക്കുക.

ശ്രീ പരശുരാമ ഉവാച:—

> ഭഗവൻ ശ്രോതുമിച്ഛാമി
> പുരുഷാണാം ചികിത്സിതം
> തന്മമാചക്ഷ്വ ദേവേശ
> തത്ര മേ സംശയോ മഹാൻ.

അല്ലയോ ഭഗവൻ, മനുഷ്യരുടെ ചികിത്സാവിധികൾ ഗ്രഹിക്കാൻ ആഗ്രഹിക്കുന്നു. അവയെപ്പററി എനിക്ക് ഗൗരവതരങ്ങളായ സംശയങ്ങളുണ്ട്. അതുകൊണ്ട് അല്ലയോ ദേവശ്രേഷ്ഠ (വരുണപുത്രനായ പുഷ്കര), ഈ വിഷയം എനിക്കുപദേശിച്ചാലും.

ജ്വരം, രക്തപിത്തം, ഇത്യാദി രോഗചികിത്സയോടെയാണ് ആരംഭം. നേത്രചികിത്സാവിധി നോക്കുക:

> വ്യോഷം ത്രിഫലയാ യുക്തം
> സുരുകം ച രസാഞ്ജനം
> സർവ്വാക്ഷിരോഗശമനം തഥാ
> ചൈവ രസാഞ്ജനം
>
> (2–56–50)

ത്രികടു, ത്രിഫല, സുരുകം (കല്ലാല്), ഇവ കരിച്ചുണ്ടാക്കുന്ന കൺമഷി എഴുതുന്നത് എല്ലാ നേത്രരോഗങ്ങൾക്കും ഫലപ്രദമാണ്.

വാതപ്രകൃതിക്കാർക്ക് രാസ്നാതൈലം, സഹചരാദിതൈലം ഇവയിലേതെങ്കിലും ഒന്ന് ഗുണകരമാണ്:

> 'രാസ്നാ സഹചരൈർവ്വാപി
> തൈലം വാതവികാരിണാം (57)'

ഗർഭിണികൾക്കും പ്രസവിച്ചവർക്കുമുള്ള ചികിത്സാരീതികളും ഈ അദ്ധ്യായത്തിലുണ്ട്. നസ്യം, വസ്തി, സ്നേഹപാനം മുതലായ ചികിത്സാരീതികളും സ്പർശിക്കുന്നുണ്ട്.

> നസ്യകർമ്മണി വസ്തൌ ച
> തഥാഭ്യംഗേ ച ഭാർഗ്ഗവ
> തൈലമേവ പരം വിദ്യാത്
> സ്നേഹപാനേ തഥാ ഘൃതം
>
> (56–69–70)

വാസസ്ഥലത്തിന്റെ ഭൂപ്രകൃതി, കാലാവസ്ഥ എന്നിവ ആരോഗ്യത്തെ എങ്ങിനെ ബാധിക്കുന്നുവെന്ന് നോക്കുക:

> ജാംഗലഃ പിത്തബഹുലോ
> മദ്ധ്യഃ സാധാരണോ മതഃ
> രൂക്ഷശീതശ്ചലോ വാതഃ
> പിത്തമുഷ്ണകടുദ്രവം
>
> (56–97)

ഉഷ്ണമയവും എരുവുള്ള ദ്രവവുമായ പിത്തം ജലാംശമില്ലാത്ത പ്രദേശത്ത് താമസി

ച്ചാൽ കോപിക്കും. അത്യന്തം ശൈത്യമുള്ളിടം വാതകോപത്തിന്നും കാരണമാകും. തന്നിമിത്തം മദ്ധ്യപ്രദേശങ്ങളാണ് വാസയോഗ്യം. ജലാശയങ്ങൾക്ക് നന്നേ സമീപത്തല്ലാതേയും വരൾച്ചയില്ലാത്തതുമായ സ്ഥലങ്ങളെന്നർത്ഥം.

മാസം, ഋതു എന്നിവയെല്ലാം വാതപിത്തകഫങ്ങളുടെ സന്തുലിതാവസ്ഥയെ സ്ഖലിപ്പിക്കാനുള്ള കഴിവുണ്ട്. പകൽ, രാത്രി എന്നീ കാലങ്ങളും ഇതിൽ സ്വാധീനം ചെലുത്തുന്നു.

മനുഷ്യസ്വഭാവംപോലും ത്രിദോഷങ്ങളെ ബാധിക്കുന്നു, താമസസ്വഭാവികൾ പ്രായേണ വാതാധിക്യമുള്ളവരും രാജസർ പിത്താധിക്യമുള്ളവരും സാത്വികപ്രകൃതിക്കാർ കഫാധിക്യമുള്ളവരുമായിരിക്കും.

താമസാ രാജസാശ്ചൈവ
സാത്വികാശ്ച തഥാ സ്മൃതാഃ
മാനുഷാ ഭൃഗുശാർദ്ദൂല-
വാതപിത്തകഫാധികാഃ

(56-120)

## വിഷചികിത്സ

ഭവിഷ്യപുരാണം ബ്രാഹ്മപർവ്വം 33 മുതൽ 3 അദ്ധ്യായങ്ങളിലും അഗ്നിപുരാണത്തിലും മററുമായി വ്യാപിച്ചുകിടക്കുന്ന വിഷചികിത്സ ഒരു പ്രത്യേക ഉപന്യാസത്തിലേ പ്രതിപാദിക്കാനാവൂ. സർപ്പങ്ങളുടെ ഉല്പത്തി, വളർച്ച, ആയുസ്സ്, ശത്രുക്കൾ, വിഷസ്വഭാവം, ദംശനഹേതുക്കൾ, ചികിത്സ എന്നിങ്ങനെ വിശദാംശങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുന്ന ആ ഭാഗങ്ങൾ അതീവ സൂക്ഷ്മമായ നിരീക്ഷണത്തിൻേറയും ശ്രദ്ധാപൂർവ്വമായ പരീക്ഷണങ്ങളുടേയും ഫലവും അതുകൊണ്ടുതന്നെ ആധികാരികവുമാണ്.

അഗ്നിപുരാണം, വിഷ്ണുധർമ്മോത്തരം എന്നിവയിൽ സർപ്പദംശനത്തിന്ന് വേപ്പില ഭക്ഷിക്കുന്നതു് ഉത്തമചികിത്സയാണെന്നു കാണുന്നു:

ഭക്ഷണം നിംബപത്രാണാം
സർപ്പദഷ്ടസ്യ ഭേഷജം
(അഗ്നി 279–56; വി. ധ. 2–56–60)

കൊടുവേലിയിലയോ നെയ്യോ പുകപ്പിക്കുന്നത് തേൾ കുത്തിയാൽ പ്രതിവിധിയാണ്.

ധൂപോ വൃശ്ചികദഷ്ടസ്യ
ശിഖിപത്രഘൃതേന വാ
(അഗ്നി 279–57)

പേപ്പട്ടി വിഷത്തിന്ന് കൈകണ്ട ഒരൌഷധം ഇവിടെ പ്രസ്താവിച്ചിട്ടുണ്ട്. (ഇതാരും സ്വന്തമായി പരീക്ഷിച്ചുനോക്കരുതെന്ന് അപേക്ഷിക്കട്ടെ. മറിച്ച്, ഒരു ഗവേഷണവിഷയമാക്കാവുന്നതാണ്.) എരുക്കിൻപാൽ, എള്ള്, എള്ളെണ്ണ, എള്ളിൻപൊടി (അതോ മാംസമോ?) ശർക്കര ഇവ തുല്യാനുപാതത്തിൽ ചേർത്തിയുണ്ടാക്കുന്ന ദ്രവം പാനം ചെയ്താൽ പേപ്പട്ടിവിഷം ക്ഷണനേരംകൊണ്ട് ശമിക്കുമത്രെ,

അർക്കക്ഷീരം തിലം തൈലം
പലലം ച ഗുഡം സമം
പാനാജ്ജയതി ദുർവ്വാരം
ശ്വവിഷം ശീഘ്രമേവ തു
(അഗ്നി 279–59)

പേപ്പട്ടിവിഷം ദുർവ്വാരമാണ്. (അത്യന്തം ആപൽക്കരവും പ്രതിവിധി പ്രയാസമേറിയതുമാണ്.) ഇതേ പദ്യം അല്പം പാഠവ്യത്യാസത്തോടെ വിഷ്ണുധർമ്മോത്തരം 2–56–63ലുമുണ്ട്.

## ശസ്ത്രക്രിയ

ശസ്ത്രക്രിയാവിഭാഗത്തിൽ പ്രത്യേക വിധികളൊന്നും കാണ്മാനില്ലെങ്കിലും ഈ വിഷയത്തിൽ അത്യന്തം വൈദഗ്ദ്ധ്യമുള്ളവർ അക്കാലത്തുണ്ടായിരുന്നതായും അത്ഭുതകരമായ ഫലങ്ങൾ കാഴ്ചവെച്ചിരുന്നതായും മഹാഭാരതത്തിൽ നിന്ന് ഗ്രഹിക്കാൻ കഴിയും. കൊടുമ്പിരിക്കൊള്ളുന്ന കർണ്ണാർജ്ജുനയുദ്ധം കാണാൻ യുധിഷ്ഠിരൻ വരുന്നത് ഇങ്ങനെ വിവരിച്ചിരിക്കുന്നു,

അഥോപയാതസ്ത്വരിതോ ദിദൃക്ഷു—
മ്മന്ത്രൌഷധീഭിർന്നിരുജോ വിശല്യഃ
കൃത്തഃ സുഹൃദ്ഭിർഭിഷജാം വരിഷ്ഠൈ—
ര്യുധിഷ്ഠിരസ്തത്ര സുവർണ്ണവർമ്മാ

(മഹാഭാരതം—കർണ്ണപർവ്വം 89–70)

[ഇത്രയും ദിവസത്തെ യുദ്ധത്തിൽ യുധിഷ്ഠിരന്റെ ദേഹത്തിൽ അനേകം അസ്ത്രങ്ങൾ ഏററിരുന്നു.] യുധിഷ്ഠിരൻ കർണ്ണാർജ്ജുനയുദ്ധം കാണ്മാൻ കൗതുകത്തോടെ സുഹൃത്തുക്കളാൽ അനുഗമിക്കപ്പെട്ടവനായി അവിടെ വന്നുചേർന്നു. അതിവിദഗ്ധരായ ഭിഷഗ്വരന്മാരാൽ അസ്ത്രങ്ങൾ നീക്കംചെയ്യപ്പെട്ടിരിക്കുന്നു. മന്ത്രങ്ങൾ, ഔഷധങ്ങൾ എന്നിവയാൽ മുറിവുകളെല്ലാം ഉണങ്ങിയെന്നു മാത്രമല്ല, തനി തങ്കനിറത്തിൽ ശോഭിക്കുന്നു ശരീരം. (ദേഹത്തു പാടുപോലും ഇല്ലെന്നത് ശ്രദ്ധിക്കുക. അക്കാലത്തെ പ്ലാസ്റ്റിക്ക് സർജറിയുടെ വിജയമായിരിക്കാം). ദേഹത്ത് തറച്ച അസ്ത്രങ്ങൾ ഒരു ശസ്ത്രക്രിയാവിദഗ്ധനു മാത്രമേ എടുത്തു മാററാൻ പററൂ. അവരാകട്ടെ, ഈ ശാഖയിൽ എത്രമാത്രം വൈദഗ്ധ്യമുള്ളവരായിരുന്നുവെന്ന് ഇന്ന് നമുക്ക് അനുമാനിക്കാനേ സാധിക്കൂ. യുദ്ധഭൂമിയിൽ ശരശയനത്തിൽ കിടക്കുന്ന ഭീഷ്മപിതാമഹന്റെ ദേഹത്തുനിന്ന് അസ്ത്രങ്ങൾ എടുത്തുമാററുവാൻ ശസ്ത്രക്രിയാവിദഗ്ധർ വന്നെത്തിയെന്ന് ഭീഷ്മപർവ്വത്തിൽ കാണുന്നുണ്ട്.

ഉപാതിഷ്ഠന്നഥോ വൈദ്യാഃ
ശല്യോദ്ധാരണകോവിദാഃ
സർവ്വോപകരണൈർയ്യുക്താഃ
കുശലൈഃ സാധു ശിക്ഷിതാഃ

(ഭീ. പ. 120–56)

(ഭീഷ്മർ പതിച്ചപ്പോൾ) അസ്ത്രങ്ങൾ പറിച്ചെടുക്കാൻ സമർത്ഥന്മാരായ വൈദ്യന്മാർ വന്നെത്തി. അവർ വിദഗ്ധപരിശീലനം സിദ്ധിച്ചവരാണ്. ആവശ്യമായ എല്ലാ ഉപകരണങ്ങളുംകൊണ്ടാണവർ വന്നത്.

ദേഹത്തിൽ ആയുധം പ്രയോഗിച്ചുകൊണ്ടുള്ള ചികിത്സ എന്ന അർത്ഥത്തിലാണ് 'ശസ്ത്രക്രിയ' എന്ന പദം ഇന്നു നാം ഉപയോഗിക്കുന്നത്. പുരാതനകാലത്ത് യോദ്ധാക്കളുടെ ദേഹത്തു തറച്ച ശസ്ത്രം നീക്കം ചെയ്യാനും മുറിവുണക്കാനുമുള്ള ചികിത്സ എന്ന നിലയ്ക്കായിരിക്കണം ഈ ചികിത്സാശാഖയുടെ ഉല്പത്തി. ഏതു കണ്ടുപിടുത്തവും ആദ്യമായി യുദ്ധാവശ്യങ്ങൾക്കായാണല്ലോ ഉണ്ടാവുന്നത്.

## മൃഗ ചികിത്സ

അഗ്നിപുരാണം 287-ാമദ്ധ്യായത്തിൽ ഗജചികിത്സയും 289—ാമദ്ധ്യായത്തിൽ അശ്വചികിത്സയും 292—ാമദ്ധ്യായത്തിൽ ഗവായുർവ്വേദവും 295—ാമദ്ധ്യായത്തിലും മററിടങ്ങളിലുമായി വിഷചികിത്സയും പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. ഇവയെല്ലാം വിഷ്ണുധർമ്മോത്തരം ദ്വിതീയഖണ്ഡത്തിലും അനേകം അദ്ധ്യായങ്ങളിലായി വ്യാപിച്ചുകിടക്കുന്നുണ്ട്.

## ഒററ മൂലിക

രോഗങ്ങൾക്കുള്ള നിദാനം, ചികിത്സ ഇവയെല്ലാം വിശദീകരിച്ചശേഷം വിഷ്ണുധർമ്മോത്തരത്തിൽ സർവ്വരോഗങ്ങൾക്കും ഒരുപോലെ ഫലപ്രദമായ ഒരു ഒററ മൂലികാപ്രയോഗം അവസാനം പുഷ്കരൻ ഭാർഗ്ഗവരാമനുപദേശിക്കുന്നുണ്ട്.

സർവ്വാമയാർത്തിപ്രശമാർത്ഥമേകാം
ത്വമൌഷധീംരാമ നിബോധഗുഹ്യാം
ഭക്തിഃ പ്രഭോർദ്ദേവവരസ്യ വിഷ്ണോ—
ര്യാ സർവ്വകാമൈഃ പുരുഷം യുനക്തി

(56–130)

അല്ലയോ ഭാർഗ്ഗവരാമ, സർവ്വരോഗങ്ങൾക്കും ശമനം നൽകുന്നതും അത്യന്തം രഹസ്യവുമായ ആ ദിവ്യൌഷധം എന്തെന്ന് ധരിച്ചാലും. മഹാപ്രഭുവും ദേവശ്രേഷ്ഠനുമായ വിഷ്ണുവിങ്കലുള്ള ഭക്തി സർവ്വാമയങ്ങളേയും നശിപ്പിച്ച് കാമാദികളായ പുരുഷാർത്ഥങ്ങളെ സാധിപ്പിക്കുന്നു.

ആയുർവ്വേദശാസ്ത്രം സ്വയം പുഷ്ടമാണെങ്കിലും അതിലേയ്ക്ക് കൂടുതൽ വില പ്പെട്ട സംഭാവനകൾ ഇതിഹാസപുരാണങ്ങളിൽനിന്ന് ലഭ്യമാണോ എന്ന് അന്വേഷിക്കേണ്ടിയിരിക്കുന്നു. അത്രയ്ക്ക് ബൃഹത്തും സമഗ്രവുമാണ് പുരാണങ്ങളിലടങ്ങിയ ആയുർവ്വേദശാസ്ത്രം. ●

# ദന്തരോഗങ്ങൾ - കാരണവും പ്രതിവിധിയും

## ഡോ. പി. എ. കുട്ടി, എടരിക്കോട്

ദന്തരോഗങ്ങൾ വളരെ അധികം വൎദ്ധിച്ച ഒരു കാലഘട്ടമാണിത്. പല്ലുള്ളവൎക്കെല്ലാം പല്ലുവേദനയും ഉണ്ട് എന്നതാണ് അവസ്ഥ. എന്നാൽ ഈ രോഗം പൌരാണികകാലംമുതലേ മനുഷ്യവൎഗ്ഗത്തെ പീഡിപ്പിച്ചിരുന്നുവെന്ന് ''അപ്പോലോണിയാസ്സ്'' മുതലായ പുരാതന എഴുത്തുകാരുടെ ലേഖനങ്ങളിൽനിന്നും തെളിയുന്നുണ്ട്. അസാധാരണമരണം സംഭവിച്ച ഒരു വ്യക്തിയുടെ ദന്തംകൊണ്ട് ഊനിൽ ഉരസിയാൽ ഊനിലെ വേദന മാറുമെന്ന് അസന്ദിഗ്ദ്ധമായി പ്രസ്താവിച്ചിട്ടുള്ളവയാണ് ബിസി ഒന്നാം നൂററാണ്ടിലെ ചില വൈദ്യരേഖകൾ. അതുപോലെത്തന്നെ ഇളകിയ പല്ലുകൾ ഉറയ്ക്കുന്നതിന്ന് ഒരു മുഴവൻ തവളയെ താടിയിൽ കെട്ടിത്തൂക്കിയാൽ മതി എന്ന് പ്ലീനി എന്ന ഒരു എഴുത്തുകാരൻ ഉറപ്പിച്ചു പറഞ്ഞിരിക്കുന്നു. ഇങ്ങിനെ രസകരങ്ങളും, അശാസ്ത്രീയങ്ങളുമായ പല ചികിത്സാവിധികളും പ്രാചീനരേഖകളിൽനിന്നു കാണാൻ സാധിക്കുന്നതുകൊണ്ട് അതിപ്രാചീനരായ മനുഷ്യരിലും പല്ലുവേദന എന്ന രോഗം ഉണ്ടായിരുന്നുവെന്നും അറപ്പും വെറുപ്പും തോന്നുന്ന ചില ചികിത്സാരീതികൾ അവർ സ്വീകരിച്ചിരുന്നുവെന്നും മനസ്സിലാക്കാവുന്നതാണ്.

പല്ലുവേദനയുടെ നിദാനം പല്ലിലുള്ള പുഴക്കളാണെന്നുള്ള ആശയം അനേക നൂററാണ്ടുകളായി പ്രചാരത്തിലുള്ളതാണ്. പല്ലുവേദനയുടെ ശമനത്തിന്ന് ഒരു പുരാതനഗ്രന്ഥത്തിൽ പറയുന്ന ചികിത്സ ഇങ്ങിനെയാണ്. ''ഒരു പുഴ പല്ലു തിന്നുന്നെങ്കിൽ ചോളമാവ്, വിഴാലരി, മെഴുക് ഇവ സമം എടുത്ത് മെഴുകുതിരിയാക്കി കത്തിച്ച് പുക വായിൽ കടത്തിവിടുക. എന്നിട്ടു ഒരു കറുത്ത തുണി അടിയിൽ ഇടുക. അപ്പോൾ പുഴക്കൾ ഓരോന്നായി താഴെ വീഴും.

ഭാഗ്യവശാൽ നമുക്ക് ദന്തരോഗങ്ങൾക്ക് ഇപ്രകാരം അറപ്പുതോന്നുന്ന ചികിത്സകളെയൊന്നും ആശ്രയിക്കേണ്ട ഗതികേടില്ല. ഈ വിഷയത്തിൽ ആധുനികവൈദ്യന്മാർ നടത്തിയ ഗവേഷണങ്ങളുടെ ഫലമായി പ്രധാനദന്തരോഗങ്ങൾ ദന്തദ്രവത്വവും, മോണ പഴുപ്പുമാണെന്നും അതിൻെറ നിദാനം ഭക്ഷണാവശിഷ്ടങ്ങൾ ദന്തങ്ങൾക്കിടയിൽ തങ്ങിനിൽക്കുന്നതാണെന്നും തെളിയിക്കപ്പെട്ടിട്ടുണ്ട്. 15—ാം നൂററാണ്ടിൽ ഇററലിക്കാരനായ ഒരു പ്രൊഫസർ ദന്തസംരക്ഷണത്തിന്നായി പത്തു നിയമങ്ങൾ നൽകുകയുണ്ടായി. അതിൽ എട്ടാമത്തെ നിയമമായ ''ഓരോ ഭക്ഷണാനന്തരവും പെട്ടെന്നു തന്നെ ദന്തശുദ്ധി വരുത്തണ''മെന്ന നിർദ്ദേശം ഇന്നും പരിഗണനാൎഹമാണ്. ആയുൎവ്വേദശാസ്ത്രത്തിലും ഭക്ഷണാനന്തരമുള്ള പല്ലുതേപ്പിനെപ്പററിയും രാവിലെ ഉണൎന്നെണീററതിന്നുശേഷമുള്ള പല്ലുതേപ്പിനെ

പററിയും വളരെ വിശദമായി പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്.

നമ്മുടെ വായ അനേകകോടി അണുക്കളുടെ ആവാസകേന്ദ്രമാണ്. പലവിധ രോഗബീജങ്ങളേയും ഉല്പാദിപ്പിക്കുന്ന ഒരു അണിയറയാണ് വായ. ഊനുകൾക്കോ പല്ലുകൾക്കോ കേട സംഭവിച്ചാൽ മേൽ പറഞ്ഞ രോഗാണുക്കൾ ശരീരത്തിൽ വ്യാപിക്കാൻ ഇടയാകുന്നു. അതിനാൽ കഴിയുംവിധം ദന്തശോധനം ചെയ്യുന്നത് ഒഴിച്ചുകൂടാൻ വയ്യാത്ത ഒരു കാര്യമാണ്.

പല്ല് മനുഷ്യശിരസ്സിൽ ഉൾപ്പെടുന്ന എല്ലാവിധ അവയവങ്ങളേയും ഉറപ്പിച്ചു വെച്ചിട്ടുള്ള ഒരു തരം ''റവിററ''ണ്. അതിന്ന് കേട സംഭവിച്ചാൽ തലച്ചോറടക്കം ശിരസ്സിനെ ആകമാനം ബാധിക്കുന്നതും അതു ശുദ്ധിയായിരുന്നാൽ തലച്ചോറടക്കം എല്ലാം ശുദ്ധിയാകുന്നതുമാണ്. അതിനാൽ നാം ഉറങ്ങുന്നതിന്നു മുമ്പും, പ്രഭാതത്തിൽ ഉണന്നെഴന്നേൽക്കുമ്പോഴും. ആഹാരത്തിന്ന് മുമ്പും അതിന്നുശേഷവും മാത്രമല്ല വായ്ക്ക് അരുചിതോന്നുന്ന സമയത്തും പല്ല് ശുദ്ധിയാക്കേണ്ടത് ആരോഗ്യകാര്യത്തിൽ ശ്രദ്ധയുള്ള എല്ലാവരുടെയും കടമയാണ്. പാലും, അതുപോലെ മധുര പലഹാരങ്ങളും, മധുരപാനീയങ്ങളും കഴിച്ചശേഷം വായ വൃത്തിയാക്കുന്ന കാര്യത്തിൽ വളരെ സൂക്ഷിക്കേണ്ടതുണ്ട്. ഇതിന്റെ ശാസ്ത്രീയോദ്ദേശം പാലിൽ ഒരുതരം ആസിഡ് ഉള്ളതുകൊണ്ട് മധുരമുള്ള വസ്തുക്കൾ വായയിൽ ബാക്ടീരിയയുടെ വളർച്ചയെ ത്വരിതപ്പെടുത്തുമെന്നുള്ളതുകൊണ്ടുമാണ്.

നാം പല്ലു തേയ്ക്കുമ്പോൾ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളുണ്ട്. പൊടിക്കാത്ത ഉമിക്കരിപോലുള്ള ഉരവു തട്ടുന്ന വസ്തുക്കൾ കൊണ്ട് പല്ലുതേയ്ക്കുന്നതു് ദോഷകരമാണ്. അതുകാരണം പല്ലിന്റെ ഇനാമൽ തേഞ്ഞുപോകാൻ സാദ്ധ്യതയുണ്ട്. പല്ലു ഒരുതരം കട്ടിയുള്ള ഇനാമലിനാൽ പൊതിയപ്പെട്ട പൌഡറാണ്. ഉരമുള്ള സാധനങ്ങൾകൊണ്ട് പല്ലു തേയ്ക്കുമ്പോൾ ഇനാമൽ നശിച്ചുപോകുകയും അതുകാരണം പല്ലു ദ്രവിച്ചുപോകാൻ ഇടയാക്കുകയും ചെയ്യുന്നു. ദന്തധാവനത്തെപ്പററി അഷ്ടാംഗഹൃദയകാരൻ ഇങ്ങിനെയാണ് പറയുന്നത്.

''അർക്കന്യഗ്രോധഖദിര
കരഞ്ജകകുഭാദികം
കനീന്യഗ്രസമസ്ഥൂലം,
സൂക്ഷ്മം ദ്വാദശാംഗുലം
പ്രാതർഭുക്ത്വാ ച മൃദ്വഗ്രം
കഷായകടുതിക്തകം
ഭക്ഷയേദ്ദന്തപവനം—
ദന്തമാംസാന്യബാധയൻ

അതായത്, കൈച്ചെറുവിരലിന്റെ അഗ്രത്തോളം വണ്ണമുള്ളതും, നല്ലപോലെ കൂർത്തതും അററം ചതച്ചു മൃദുവാക്കിയതും ചവപ്പ്, എരിവു, കയ്പ് ഈ രസങ്ങളുള്ളതുമായ എരുക്ക്, പേരാൽ, കരിങ്ങാലി, ഉങ്ങ്, നീർമരുത് മുതലായവ കൊണ്ടു ഊനുകൾക്ക് കേടുപററാത്ത വിധത്തിൽ രാവിലെയും ഊണ് കഴിച്ചതിന്നു ശേഷവും പല്ലുതേക്കണമെന്നർത്ഥം.

ഇന്നു നാം ദന്തശുദ്ധി വരുത്താനുപയോഗിക്കുന്ന ബ്രഷ് ഈ ഉദ്ദേശത്തിൽ ഏകദേശം മുന്നൂററിഅമ്പതു് വഷങ്ങൾമുമ്പ് കണ്ടുപിടിച്ചിട്ടുള്ളതാണ്. ശരിയായ രീതിയിലും, തെററായ രീതിയിലും അത് ഉപയോഗിക്കാവുന്നതാണ്. പരുഷമായി ഒരിക്കലും ബ്രഷു ചെയ്യരുതു്. അത് ദന്തശുദ്ധി വരുത്താതെ മോണ ഉരച്ചുകളയുക മാത്രമാണ് ചെയ്യുന്നത്. ആദ്യമേ മെല്ലെ പല്ലിന്ന് കുറുകെയും പിന്നീട് മേലോട്ടും താഴോട്ടും ബ്രഷുചെയ്യുക. ഇങ്ങിനെ ചെയ്താൽ ബ്രഷിന്റെ നാരുകൾ ദന്തങ്ങൾക്കിടയെ നന്നായി ശുദ്ധിയാക്കുന്നതാണ്.

കീഴമേൽ പല്ലു തേയ്ക്കുന്നത് പല്ലിന്റെ ഘടനയ്ക്കു വിരുദ്ധമാണ്. അതു കാരണം മോണയുമായുള്ള പല്ലിന്റെ ബന്ധത്തിന്നു ഇളക്കം തട്ടുന്നതിന്നും മോണകൾ മേലോട്ടും കീഴോട്ടും നീങ്ങി പല്ലുകൾ നീങ്ങി പ്രകൃത്യാ അതിന്നുള്ള സൗന്ദര്യം നഷ്ടപ്പെടുന്നതിന്നും പല്ലിന്റെ ഊനുകൾ

അകലുന്നതു കാരണം ദന്തരോഗത്തിനും ഇടയാക്കിത്തീക്കും. പല്ലുകളിലെ ഞരമ്പുകൾക്കു സംഭവിക്കുന്ന കേടുകാരണം ഇടവിടാതെയുള്ള തലവേദനയും, മററു പലതരത്തിലുള്ള ശിരോരോഗങ്ങളും ഉണ്ടാകാനുള്ള സാദ്ധ്യത വദ്ധിക്കുകയും ചെയ്യുന്നു.

ദന്തരോഗങ്ങൾ ഇക്കാലത്തു് അധികമായി വർദ്ധിച്ചിരിക്കുന്നതിന്റെ ഒരു കാരണം സാധാരണ ഭക്ഷണങ്ങൾക്കിടയിൽ കഴിക്കുന്ന ലഘുഭക്ഷണങ്ങളാണു്. സാധാരണ അവയിൽ മുഖ്യമായിട്ടുള്ളതു് അന്നാംശവും പഞ്ചസാരയുമായിരിക്കും. ചായയും, മധുരപലഹാരങ്ങളും കഴിച്ചാൽ വായ വൃത്തിയാക്കുന്ന സ്വഭാവം പലരിലും കാണപ്പെടുന്നില്ല. ഈ സ്വഭാവമാണു് ഏററവും അധികം ദന്തരോഗങ്ങൾക്കു നിദാനമായിത്തീരുന്നതും.

ഒരിക്കൽ ഒരാൾക്കു് പല്ലുവേദനയുണ്ടായാൽ ശരിയായ പരിഹാരം ഉണ്ടാകണമെങ്കിൽ ഒരു ദന്തഡോക്ടറുടെ സേവനം തേടേണ്ടതു് അത്യാവശ്യമാണു്. എന്നാൽ ''പ്രക്ഷാളനാദ്ധി പങ്കസ്യ ദൂരാദസ്പർശനം വരം'' എന്നുള്ള ആപ്തവാക്യമനുസരിച്ചു് പ്രതിരോധം ചികിത്സയേക്കാൾ ഉത്തമമാണല്ലൊ?. ദന്തരോഗത്തിന്റെ അടിസ്ഥാനകാരണം വായ് നന്നായി വൃത്തിയാക്കി സൂക്ഷിക്കാത്തതുകൊണ്ടാണെന്നു നാം കണ്ടുകഴിഞ്ഞു. ഭക്ഷണാനന്തരം ഭക്ഷണാവശിഷ്ടങ്ങൾ ഉടൻതന്നെ വായിൽനിന്നു് ദൂരീകരിക്കുകയും പ്രധാനഭക്ഷണങ്ങൾക്കിടയിൽ ലഘുഭക്ഷണങ്ങൾ കഴിക്കാതിരിക്കുകയും ശീലിക്കുന്നതുമൂലം ദന്തരോഗങ്ങളിൽ എഴുപത്തഞ്ചു ശതമാനവും ഇല്ലാതാക്കാൻ സാധിക്കും. എന്നാൽ എത്രതന്നെ സൂക്ഷ്മതയോടെ ദന്തശുദ്ധിവരുത്തുകയും ആഹാരം ക്രമീകരിക്കുകയും ചെയ്താലും നമുക്കു് ദന്തദ്രവതം കുറഞ്ഞതോതിലെങ്കിലും പുരോഗമിക്കാനുള്ള സാദ്ധ്യതയുണ്ടു്. ആയതുകൊണ്ടു് ആറുമാസത്തിൽ ഒരിക്കലെങ്കിലും നിങ്ങളുടെ ദന്തഡോക്ടറെ സമീപിച്ചു്, ഏതെങ്കിലും തരത്തിലുള്ള ദന്തത്തകരാറുകൾ ആരംഭിക്കുന്നുണ്ടെങ്കിൽ നേരത്തെ തന്നെ വേണ്ട മുൻകരുതലുകൾ ചെയ്യേണ്ടതാണു്. എന്തിലും സൌന്ദര്യത്തെ കാണുന്ന ഇന്നത്തെ മനുഷ്യസമുദായത്തിന്നു് മുല്ലപ്പൂമൊട്ടുപോലെ ധാവള്യവും ഭംഗിയുമുള്ള പല്ലുകൾ ഉണ്ടാകാനും ശരീരത്തിന്റെ ആകപ്പാടെയുള്ള ആരോഗ്യസംരക്ഷണത്തിന്നും ദന്തസംരക്ഷണം പല്ലുകൾ മുളക്കാൻ തുടങ്ങുമ്പോൾ തന്നെ തുടങ്ങേണ്ടതാണു്.

## Information for Contributors

Manuscripts for Editorial consideration should be sent in duplicate to the Chief Editor. Books for review may also be sent to him.

It is a condition of publication that manuscripts submitted to this journal have not been published so far and will not be simultaneously submitted or published elsewhere. By submitting a manuscript, the author agree that the copyright of their article is transferred to the publisher, if and when, the article is accepted for publication.

**Manuscripts :**

Manuscripts should be type written or hand written legibly on one side of the paper with liberal margins and should be submitted in duplicate. The author's name and address should be given with the article.

A short abstract of the article should also be sent with the article.

References should be cited at the end of the article. Reprints can be ordered on payment of a nominal cost at the time of submitting the manuscript.

No part of this publication may be reproduced without written permission from the publisher.

*Views expressed in the articles published in the journal are entirely those of the writers concerned*

*Printed at the Mathrubhumi M. M. Press and published by Aryavaidyan P. K. Warrier, Managing Trustee, Arya Vaidya Sala, Kottakkal for and on behalf of Arya Vaidya Sala, Kottakkal. Chief Editor: Aryavaidyan N. V. K. Varier., M. A.*

**KOTTAKKAL, the Ayurvedic institution for 21st century**

Ayurveda: a precious gem among the glorious traditions of India! But, traditions need contemporary re-interpretation! Message of the ancient to be made alive in the present!
Kottakkal Arya Vaidya Sala, the symbol of Ayurvedic renaissance makes ayurvedic traditions relevant to the contemporary needs.

Spreading the immortal message: Ayurveda is more than effective drugs, herbs & remedies It's knowledge of the art & science of living—creating that harmony which the modern man yearns for

**KOTTAKKAL—WHERE THE SCIENCE OF SAGES IS ADAPTED TO MODERN AGES**



Vaidyaratnam P. S. Varier's
**ARYA VAIDYA SALA**
**KOTTAKKAL, KERALA**

**Branches and Agencies**

Kozhikode, Palghat, Tirur, Ernakulam, Trivandrum, Cannanore, Alwaye, Erode, Madras, Coimbatore, New Delhi-49 and over 250 authorised Agencies spread all over India and abroad.

ARIES AVS 795